സീക്കേഴ്സ് പത്രം

Vol. 01 Issue No. 04
2012 JANUARY

Advisory Board

C.D.Thomas
J C Dev
P. I. Abraham
K.O.Thomas

Editing & Publishing

C D Varghese

Contributing Editors

George John
V. S. Kunnathukuzhiyil
Anil Kumar V.

Circulation Manager

V K Surendran

Circulation Assistants

Shajahan Malayil
Lijo Joseph Thadiyoor

Contact Address:

C D Varghese
P O Box No.7,
Pullad.P.O,
Thiruvalla.
Pin:689548.

Ph: 9447518465

# അന്വേഷണ വീഥികളിൽ......

2 പുതുവർഷത്തിൽ കൊഴിഞ്ഞുപോയ പൊൻതൂവൽ.
സത്യപ്രകാശ് ഡി.

3. എഡിറ്റോറിയൽ



4. യേശുമശീഹ ഏതു പക്ഷത്ത്?
(അസ്‌ലൻ ബർക്കർ)



11. യേശുക്രിസ്തുവിന്റെ വംശാവലി
(അനിൽകുമാർ.വി.അയ്യപ്പൻ.)



15. അപ്പോളജിസ്റ്റിന്റെ പ്രസക്തി.
(ജെ.സി.ദേവ്)



19. മുസ്‌ലിമുകളും അറബി സമാജവും
(സുരേഷ് എടക്കളത്തൂർ)

23. പ്രതിവാദം. അവിനാശിയായ ദൈവം.
(സി.ഡി.വർഗീസ്.)



25. വിമർശന സമ്മർദ്ദ തന്ത്രങ്ങൾ.
(കെ. ഒ. തോമസ്)



31. സങ്കീർത്തനങ്ങളും (സബൂർ) സുവിശേഷവും (ഇഞ്ചീൽ).
(പാസ്റ്റർ വി.കെ.സുരേന്ദ്രൻ പുല്പ്പള്ളി)

34. അനാദിയിലേക്കുള്ള വചനം.
(വി. എസ്. കുന്നത്തുകുഴിയിൽ)



37. മുനയൊടിഞ്ഞ വിമർശനങ്ങൾ.
(സി.ഡി.വർഗീസ് & വി.കെ.സുരേന്ദ്രൻ.)

# പുതുവർഷത്തിൽ കൊഴിഞ്ഞുപോയ പൊൻതൂവൽ.

സത്യപ്രകാശ്.ഡി.



പ്രഫസർ ജി. സുശീലൻ

ബഹുഭാഷാ പണ്ഡിതനും പ്രശസ്തനായ ഗ്രന്ഥകാരനും ബൈബിൾ വൈജ്ഞാനികനുമായ പ്രഫസർ ജി. സുശീലൻ മഹത്വത്തിൽ. പുതുവർഷം, ക്രൈസ്തവ സാഹിത്യനഭസ്സിലെ തൂവൽക്കിരീടത്തിൽ നിന്നും ഒരു പൊൻതൂവൽ അകാലത്തിൽ കൊഴിച്ചുകളഞ്ഞുവെന്നത് നമ്മെ സംബന്ധിച്ചു തീർത്തും ഖേദകരവും വലിയ നഷ്ടവുമാണ്. എങ്കിലും തന്റെ പ്രിയനായ യേശുവിന്റെ സന്നിധിയിൽ വിശ്രമിക്കുന്നു എന്നത് ആശ്വാസമേകുന്നു.

എബ്രായ, ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. 2003–ൽ ബൈബിൾ ശബ്ദസാഗരം എന്ന സമ്പൂർണ്ണ ബൈബിൾ നിഘണ്ടുവും 2007–ൽ മലയാളം ബൈബിൾ കൺകോർഡൻസും ക്രൈസ്തവ കൈരളിക്കു സമ്മാനിച്ച ശ്രീ.ജി.സുശീലൻ ബൈബിൾ ജ്ഞാനഭാഷ്യം എന്ന പേരിൽ ഏഴു വാല്യങ്ങളിലായി സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനഗ്രന്ഥം രചിക്കാനുള്ള ഉദ്യമത്തിലായിരുന്നു. രണ്ടു വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം ഇപ്പോൾ ഏർപ്പെട്ടിരുന്ന പദ്ധതി പൂർത്തിയായ ശേഷം താൻ കൂടി ഭാരവാഹിയായ 'സാക്ഷി അപ്പോളജറ്റിക്കൽ നെറ്റ് വർക്സി'ലെ അംഗങ്ങളെ എബ്രായ, ഗ്രീക്ക്, ലാറ്റിൻ ഭാഷകളും സംസ്കൃതവും പഠിപ്പിക്കുവാനുള്ള തയ്യാറെടുപ്പിലായിരുന്നു. വ്യവസ്ഥിത ദൈവശാസ്ത്രം, ബൈബിൾ സംഖ്യാ വിജ്ഞാനീയം, പ്രവചന പ്രബോധിനി തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത അദ്ദേഹത്തിന്റെ ദേഹവിയോഗം ക്രൈസ്തവ കൈരളിക്കു തീരാത്ത നഷ്ടം തന്നെയാണ്. കന്യാകുമാരി മാർത്താണ്ഡം നേശമണി മെമ്മോറിയൽ കോളേജിൽ അദ്ധ്യാപകനും സ്പെഷൽ ഗ്രേഡ് ലൈബ്രേറിയനുമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ക്രൈസ്തവ ലോകത്തിന്റെ അനുശോചനത്തോടൊപ്പം 'സി.വി.എസ്.എസി'ന്റെയും 'സീക്കേഴ്സ് പാത്തി'ന്റെയും അശ്രുകണങ്ങളും.

പ്രത്യാശയുടെ പൊൻതീരത്ത് കാണാം എന്ന പ്രതീക്ഷയിൽ.

# എഡിറ്റോറിയൽ

വേദപുസ്തകമല്ലാതെ മറ്റെന്തെങ്കിലും വായിക്കുന്നത് പാപമാണെന്നു കരുതുന്ന പാരമ്പര്യ ചിന്താഗതിയെ പിൻപറ്റുന്ന നിരവധി ദൈവമക്കളെ കണ്ടുമുട്ടാനിടയായിട്ടുണ്ട്. മറ്റു പുസ്തകങ്ങൾ വായിക്കുന്നത് ആത്മീകമായ പിന്മാറ്റത്തിന്റെ ലക്ഷണമായി വിലയിരുത്തുന്ന സഭാശുശ്രൂഷകരെയും അറിയാം. തങ്ങൾ പൗലോസിന്റെ ചിന്താഗതിയെ നിരാകരിക്കുകയാണെന്ന് ഒരുപക്ഷെ അവർ തിരിച്ചറിയുന്നുണ്ടാവില്ല. തന്റെ രാജ്യത്ത് നിലവിലിരുന്ന സാഹിത്യസൃഷ്ടികളെല്ലാം തന്നെ പൗലോസ് വായിച്ചിരുന്നതായി ഗ്രഹിക്കാനാവും.

അഥേനയിലെ കവിവരന്മാരുടെ കവിതകളിൽ നിന്നും ഉദ്ധരിച്ചു കൊണ്ട് സുവിശേഷ സത്യങ്ങളെ അദ്ദേഹം വിശദീകരിക്കുന്നത് അപ്പസ്തോല പ്രവർത്തികളിൽ നമുക്കു വായിക്കുവാൻ കഴിയും. (അപ്പൊ. പ്ര. 17:28). ക്രേത്തരുടെ ഒരു വിദ്വാൻ അവരെക്കുറിച്ചു പറഞ്ഞിട്ടുള്ള വിമർശനം സാന്ദർഭികമായി പൗലോസ് പ്രയോഗിക്കുന്നതു തീത്തോസിനുള്ള ലേഖനത്തിലും കാണാം (തീത്തോ. 1:1:12). തന്റെ ജീവിതകാലത്ത് ഇന്ത്യയിൽ വരാൻ പൗലോസിനു അവസരം ലഭിച്ചിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹം പുരാണങ്ങളും ഇതിഹാസങ്ങളും എല്ലാം പഠനവിധേയമാക്കുമായിരുന്നു. ഇന്ത്യയിലെ സുവിശേഷീകരണത്തിനു ഉപയുക്തമാകുമാറ് അവയെ വ്യാഖ്യാനിക്കുകയും ചെയ്യുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. പേരായ്മ അനുഭവപ്പെടുന്നിടത്ത് തികവ് അനുഭവമാകുന്നത് ക്രിസ്തുവിൽ മാത്രമാണെന്ന് ഉദ്ഘോഷിക്കുവാൻ ഇത്തരം പഠനങ്ങൾ പര്യാപ്തമാണ്.

സുവിശേഷ പ്രവർത്തനത്തിനും പ്രസംഗത്തിനും പരന്ന വായന അനിവാര്യമാണ്. അത് നമ്മുടെ പദസമ്പത്ത് വർദ്ധിക്കുവാനും സാമൂഹികവും സാംസ്ക്കാരികവുമായ വിജ്ഞാനം കൈവരിക്കാനും ഉപകരിക്കും. സുവിശേഷീകരണത്തിനു വായന ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. വായിക്കുക; വളരുക.

ഓരോ ക്രിസ്ത്യാനിയും സുവിശേഷീകരണത്തിനു പ്രാപ്തനാകേണ്ടതിനു പര്യാപ്തമായ അറിവ് നേടേണ്ടത് അനിവാര്യമാണ്. അതിനു ഉത്സാഹമുള്ളവരായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എഡിറ്റർ
സി.ഡി.വർഗീസ്


# ക്രിസ്തു: വിമോചന പോരാളിയല്ല; രക്ഷകനും ദൈവവുമാണ് ...

സുവി. ജെ. സി. ദേവ്

**തി**രുവനന്തപുരത്ത് സി. പി. എം നടത്തുന്ന "മാർക്സാണ് ശരി" എന്ന ചരിത്ര ചിത്രപ്രദർശനത്തിൽ മാർക്സ്, ഏംഗൽസ്, ചെഗുവേര തുടങ്ങിയ വിപ്ലവകാരികൾക്കൊപ്പം ക്രിസ്തുവിന്റെ ക്രൂശിത രൂപവും പ്രദർശിപ്പിച്ചു. ചരിത്രത്തിനും ക്രിസ്തുവിജ്ഞാനീയത്തിനും നിരക്കാത്ത ഒരു വിശദീകരണക്കുറിപ്പും നൽകിയിരുന്നു. മാർക്സിനെയും ഏംഗൽസിനെയും ചെഗുവേരയെയും പോലെ ക്രിസ്തുവിനെയും ഒരു വിപ്ലവകാരിയാക്കി ചിത്രീകരിച്ചിരിക്കുകയാണ്. ക്രിസ്തുവിനെ സംബന്ധിക്കുന്ന ചില മൗലിക സത്യങ്ങൾ ഇവിടെ മറച്ച് പിടിക്കുകയോ അതിന് ക്രിസ്തുവിരുദ്ധമായ പാഠഭേദം നൽകുകയോ ചെയ്തിരിക്കുകയാണ്. പാർട്ടി സെക്രട്ടറി പിണറായി വിജയനും ഇതിനെ ക്രിസ്തുവിനോട് പാർട്ടിക്കുള്ള ആദരവായി ന്യായീകരിക്കുന്നെണ്ടെങ്കിലും ഇത് ക്രിസ്തു നിന്ദയാണ്. പാർട്ടിയുടെ ഈ നയവും സമീപനവും അത്യന്തം പ്രതിഷേധാർഹമാണ്.

"യേശു ക്രിസ്തു ഇന്ന് ജീവിച്ചിരുന്നെങ്കിൽ സി. പി. എമ്മിന്റെ പോളിറ്റ് ബ്യൂറോ അംഗമാകുമായിരുന്നു" എന്ന് എം. എ ബേബി മുമ്പ് പ്രസ്താവിച്ചു. ഈയിടെ സംസ്ഥാന സമിതിയംഗം എം.വി. ജയരാജൻ പറഞ്ഞത്: "ക്രിസ്തുമതം കമ്മ്യൂണിസമാണെന്നും ക്രിസ്തു സി. പി. എം നേതാവ് പ്രകാശ് കാരാട്ടിനെപ്പോലെയാണ്" എന്നാണ്. കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ ഇത്തരം സമീപനങ്ങളും ഇടപെടലുകളും അഭിപ്രായ പ്രകടനങ്ങളും ഭാഷ്യങ്ങളും സീസണലാണ്. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു രാഷ്ട്രീയ തന്ത്രം. കുളം കലക്കി മീൻ പിടിക്കാനുള്ള വിദ്യ. ഇത് രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുവാൻ പ്രബുദ്ധരായ ക്രൈസ്തവ വിശ്വാസികൾക്ക് സാധിക്കും.

കമ്മ്യൂണിസവും ക്രൈസ്തവ സഭയും ഒന്നല്ല. രണ്ടും രണ്ടു തന്നെ. കമ്മ്യൂണിസവും നിരീശ്വരവാദവും ഭൗതിക വാദവും അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിട്ടുള്ള ഒരു രാഷ്ട്രീയ വ്യവസ്ഥിതിയാണ്. ലക്ഷ്യം നേടുവാൻ അവർക്ക് ഏതു മാർഗ്ഗവും സ്വീകരിക്കാം. ക്രൈസ്തവ സഭ തികച്ചും വ്യത്യസ്തമാണ്. ദൈവവിശ്വാസവും ക്രിസ്തു ദർശനവും



അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള ഒരു ആത്മീയ വ്യവസ്ഥിതി. ഇവിടെ ലക്ഷ്യത്തിലെത്തുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കാനനുവാദമില്ല. തികച്ചും ക്രൈസ്തവമായ,ബൈബിളികമായ, ആതിമീയ മാർഗ്ഗങ്ങൾ മാത്രമേ സ്വീകരിക്കുവാൻ അനുവാദമുള്ളൂ. കമ്മ്യൂണിസം ഭൗതിക മാത്രപ്രധാനമാണ്. അവരുടെ ദർശനം പദാർത്ഥത്തിലധിഷ്ഠിതമാണ്. ക്രൈസ്തവികത അങ്ങനെയല്ല; അവിടെ നിത്യത പ്രധാനമാണ്. പിന്നെയെങ്ങനെ ക്രൈസ്തവികതയും കമ്മ്യൂണിസവും ഒന്നാകും?

ക്രിസ്തു നിസ്തുല്യനാണ്. ക്രിസ്തുവിന്റെ സ്ഥാനത്ത് പകരം വയ്ക്കാൻ മറ്റൊരാളില്ല. ക്രിസ്തുവിനോടു സാദൃശ്യപ്പെടുത്തുവാൻ ക്രിസ്തുവിനെപ്പോലെ വേറൊരാൾ ചരിത്രത്തിലില്ല. ക്രിസ്തുവിന്റെ ജനനം, ക്രിസ്തുവിന്റെ ചരിത്ര ബന്ധം, ക്രിസ്തുവിന്റെ നിസ്തുല്യമായ വിശുദ്ധ ജീവിതം, ആദർശാധിഷ്ഠിതമായ മനുഷ്യാഭിമുഖ്യ നിലപാടുകൾ, ക്രിസ്തുവിന്റെ ക്രൂശീകരണം, ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്, കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളിലെ ക്രൈസ്തവികതയുടെ ആഗോള മുന്നേറ്റം, ലോകനേതാക്കന്മാരിലും ആചാര്യന്മാരിലും ക്രിസ്തു ദർശനത്തിന്റെ സ്വാധീനം - ഇതെല്ലാം ക്രിസ്തു എന്ന വ്യക്തിയുടെ സവിശേഷതകളാണ്. ഇവിടെ ക്രിസ്തു അനുപമ വ്യക്തിത്വത്തിന്റെ ഉടമയും അനന്യനും നിസ്തുല്യനുമാണ്. ഈ വ്യക്തിത്വത്തോട് സാദൃശ്യപ്പെടുത്തുവാൻ ചരിത്രത്തിൽ ആരുണ്ട്?

ക്രിസ്തുവിനെ പ്രകാശ് കാരാട്ടുമായി സാദൃശ്യപ്പെടുത്തുന്നതിനെ പ്രകാശ് കാരാട്ട് പോലും ന്യായീകരിക്കുമെന്ന് തോന്നുന്നില്ല. കാറൽ മാർക്സും ഫ്രഡറിക് ഏംഗത്സും ക്രിസ്തുവിനോടും ക്രൈസ്തവികതയോടും ആദരവു പുലർത്തിയവരാണ്. യഹൂദ-ക്രൈസ്തവ സ്വാധീനങ്ങൾ അവരുടെ ചിന്തകളിൽ കാണാം. പക്ഷേ അവരാരും ക്രിസ്തുവിന്റെ സ്ഥാനത്ത് കയറി നിൽക്കാൻ ശ്രമിച്ചിട്ടില്ല. തിരുവനന്തപുരത്തെ ചിത്ര പ്രദർശനത്തിൽ ക്രിസ്തുവിനെ ആദരിക്കുകയായിരുന്നു എന്ന് പിണറായി വിജയനും മറ്റ് സഖാക്കളും ന്യായീകരിച്ചു കണ്ടു. ക്രിസ്തു എന്ന വിപ്ലവകാരിയെ ആണത്രേ ഈ വിധത്തിൽ ആദരിച്ചത്. മാർക്സിന്റെയും ഏംഗത്സിന്റെയും ജോസഫ് സ്റ്റാലിന്റെയും ചെഗുവേരയുടെയും ഒപ്പം ക്രിസ്തുവിനെ ഒരു വിപ്ലവകാരിയായി കാണുവാൻ ക്രിസ്തു യഹൂദാ മതത്തിനെതിരെ, റോമൻ സാമ്രാജ്യത്തിനെതിരെ സായുധ വിപ്ലവം നയിച്ചിട്ടുണ്ടോ? ഭരണകൂടത്തെ അട്ടിമറിച്ച് ഒരു സമാന്തര ഭരണകൂടത്തിന് രൂപം നൽകിയോ? ആയുധമേന്തിയ ഒരു സൈന്യം ക്രിസ്തുവിനുണ്ടായിരുന്നോ? ക്രിസ്തു വാളോ ഇതര ആയുധങ്ങളോ ഉപയോഗിച്ചോ? സ്വയരക്ഷക്കുവേണ്ടി പോലും ക്രിസ്തു ആയുധം ഉപയോഗിച്ചോ? വാൾ ഉറയിലിടുക, വാളെടുത്തവൻ വാളാലെ എന്നു പറഞ്ഞ ക്രിസ്തു വാൾ നിരോധിച്ചവനാണ്. നിയന്ത്രിച്ചവനാണ്. ഒരു ചെകിട്ടത്തടിച്ചാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കണം എന്ന് നിർദ്ദേശിച്ചവനാണ്. ക്രിസ്തുവിന്റെ ആയുധം ക്ഷമയും സഹനവും സഹിഷ്ണുതയുമായിരുന്നു. ഇവിടെ ക്രിസ്തുവിനെ ഒരു വിപ്ലവകാരിയായി പരിമിതപ്പെടുത്തുന്നത് ഒരിക്കലും ക്രിസ്തുവിനെ ആദരിക്കലായി പരിഗണിക്കാനാവില്ല.

ഇതെഴുതുമ്പോൾ കിട്ടിയ 5-ാം തീയതി ഞായറാഴ്ച്ചയിലെ മനോരമ പത്രത്തിൽ മറ്റൊരു വാർത്തയും ചിത്രവും കണ്ടു. ക്രിസ്തുവിനെ ബന്ധിപ്പിച്ചുള്ള ചിത്രീകരണങ്ങളുടെയും പ്രചാരണങ്ങളുടെയും പുറകിലുള്ള ഗൂഢ തന്ത്രം പുറത്ത് വന്നിരിക്കുന്നു. "ഇത് മുതലാളിത്തത്തിന്റെ അവസാന അത്താഴം..... പ്രത്യാശ മാർക്സിസത്തിൽ മാത്രം" എന്നെഴുതിയിരിക്കുന്നത് ക്രിസ്തുവിനെ ഒബാമയായി ചിത്രീകരിച്ചുള്ള "അന്ത്യ അത്താഴ" ത്തിന്റെ ചിത്രത്തോടൊപ്പം സി. പി. എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തിരുവനന്തപുരം തൃക്കണ്ണാപുരത്ത് സ്ഥാപിച്ച ഈ ഫ്ളക്സ് ബോർഡ് ക്രിസ്തുവിനെ ആദരിക്കലിന്റെ ഭാഗമായിട്ടാണെന്ന് നാളെ ഒരു പാഠഭേദം പാർട്ടിയിൽ നിന്നും വരാവുന്നതാണ്. ഡോ. ഫിലിപ്പോസ് മാർക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തയും യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയും ഈ വ്യാജ ഡാവിഞ്ചി ചിത്രത്തെ ന്യായീകരിച്ചും അഭിനന്ദിച്ചും പത്രപ്രസ്താവനകൾ നടത്തി എന്നും വരാം. ദേശാഭിമാനി 5-ാം തീയതി ഞായറാഴ്ച്ചയിലെ പത്രത്തിൽ ഈ മെത്രാപ്പോലീത്തമാർ "അന്ത്യഅത്താഴ"ത്തിനു മുമ്പുള്ള പാർട്ടി നിലപാടുകൾ ശരിവച്ചും പിന്തുണച്ചും നൽകിയ പ്രസ്താവനകൾ ആഘോഷമായിത്തന്നെ ചേർത്തിട്ടുണ്ട്.പാർട്ടിയുടെ ഈ സമീപനവും ഇടപെടലും അത്യന്തം ദുരുദ്ദേശപരവും പ്രതിഷേധാർഹവുമാണ്. പാർട്ടി നേതാക്കന്മാർ യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ വിലയിരുത്തുവാൻ തയ്യാറാകണം. ക്രിസ്തുവിനെ ഇകഴ്ത്തുവാൻ കാറൽ മാർക്സും ഫ്രഡറിക് ഏംഗത്സും മൗനാനുവാദം പോലും നൽകുകയില്ല. അത്തരമൊരു പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടി അവരുടെ തെറ്റു തിരുത്തണം. 1973-ൽ ഫാ. ഗുസ്താവോ ഗുറ്റിരസ് Theology of Liberation എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ച പശ്ചാത്തലത്തിൽ "വിമോചന ദൈവശാസ്ത്രം" (ലിബറേഷൻ തിയോളജി) എന്ന ഒരു ചിന്താപദ്ധതി നിലവിൽ വന്നു. അതിന്റെ സാഹചര്യത്തിലാണ് ക്രിസ്തു ''വിപ്ലവകാരി''യായും "വിമോചക പോരാളി"യായും ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ ഇവിടെ അടിസ്ഥാന പരമായ ചില യാഥാർത്ഥ്യങ്ങൾ വിട്ടുകളയുകയോ അവഗണിക്കുകയോ ചെയ്തിട്ടുണ്ട്. തിയോളജിയുടെയും ക്രിസ്റ്റോളജിയുടെയും സോറ്റീരിയോളജിയുടെയും അടിസ്ഥാനത്തിൽ ബൈബിളികമായ സുപ്രധാന നിലപാടുകൾ ഇവയാണ്. 1. ക്രിസ്തു ചരിത്ര പുരുഷനാണ്. 2. ക്രിസ്തുവിന്റെ കാൽവരിയിലെ മരണം വെറുമൊരു രക്തസാക്ഷി മരണമോ റോമൻ സാമ്രാജ്യമോ യഹൂദാ പുരോഹിത വർഗ്ഗമോ നൽകിയ ശിക്ഷയോ അല്ല. അത്




മാനവരാശിയുടെ പാപത്തിന്റെ പരിഹാരാർത്ഥമുള്ള പ്രതിമരണമായിരുന്നു. ക്രിസ്തു പാപപരിഹാരകനാണ്. ക്രൂശികരണത്തിന്റെ നീതീകരണവും ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ അടയാളവുമാണ്. ക്രിസ്തു ജനകോടികളുടെ ആരാധനാ പാത്രമാണ്. ക്രിസ്തു ആരാധ്യനാണ്. ഇത് ജനകോടികളുടെ വിശ്വാസമാണ്. ഈ അടിസ്ഥാനധാരണകളെ അവഗണിച്ചും വികലമാക്കിയും പുതിയൊരു ക്രിസ്തു ചരിത്രം തയ്യാറാക്കുവാൻ പാർട്ടി ശ്രമിക്കേണ്ടതില്ല. അത്തരം ക്രിസ്തുവിരുദ്ധ സമീപനങ്ങളും ഇടപെടലുകളും പാർട്ടി ഉപേക്ഷിക്കുക തന്നെ വേണം. ബൈബിളികമായ തിയോളജിയും ക്രിസ്റ്റോളജിയും സോറ്റീരിയോളജിയും അവഗണിച്ചുകൊണ്ട് മെത്രാപ്പോലീത്തമാർ പോലും ക്രിസ്തുവിരുദ്ധ നിലപാടുകൾ എടുത്താൽ അവയെ അർഹിക്കുന്ന അവഗണനയോടെ കേരളത്തിലെ പ്രബുദ്ധരായ ക്രൈസ്തവ സമൂഹം തള്ളിക്കളയും എന്നതിനു സംശയമില്ല.

Santhosh Joseph

EDAPPARAMPIL HOUSE,

ANICADU P.O,

MALLAPPALLY WEST,

PATHANAMTHITTA DIST,

KERALA STATE, INDIA

PIN CODE - 689585

PHONE: +91-974-479-7080

വി.കെ.സുരേന്ദ്രൻ, പുല്പള്ളി.

സത്യാന്വേഷിയുടെ വേഷമണിഞ്ഞ് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഒന്നിനുപുറമെ ഒന്നായി ഉന്നയിച്ചുകൊണ്ട് ബൈബിളിനെതിരെ രംഗത്ത് വന്നിട്ടുള്ള വ്യക്തിയാണ് ശ്രീ. അക്ബർ. അദ്ദേഹം ബൈബിളിനെതിരെ ആരോപിക്കപ്പെടുന്ന വസ്തുതകൾ ഖുർആനും ബാധകമാക്കിയാൽ അതിന്റെ സത്യത ഭേദിക്കപ്പെടുമെന്നതിനു രണ്ടു പക്ഷമില്ല. ഒരു സത്യാന്വേഷി യുടെ ബൈബിൾ വീക്ഷണമെന്നത് ഖുർആനിക പരിപ്രേക്ഷ്യത്തിൽ നിന്നു വീക്ഷിക്കുന്നതാണ് എന്നു തന്റെ കൃതിയിലൂടെ അദ്ദേഹം മാലോകരെ തെറ്റിദ്ധരിപ്പിക്കുന്നത് നോക്കുക:'' ഇനി ദൈവികമെന്ന പേരിൽ സ്ഥിതിചെയ്യുന്ന ഗ്രന്ഥമെന്ന നിലക്ക് ഒരു സത്യന്വേഷി ബൈബിളിനെ സമീപിക്കുമ്പോൾ ആ സത്യന്വേഷിയുടെ വീക്ഷണങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവീകമെന്നു പറയപ്പെടാൻ ബൈബിളിലെ പുസ്തകങ്ങൾക്ക് എത്രത്തോള ംഅർഹതയുണ്ട് എന്നാണ് പിന്നീട് പരിശോധിക്കപ്പെടേണ്ടത്. അവിടെ നമുക്ക് ഒന്നാമതായി നോക്കാനുള്ളതെന്താ ണ്? ഒരു ദൈവികഗ്രന്ഥം മനുഷ്യരെ ധാർമ്മികത പഠിപ്പിക്കുന്നതാകണം. മനുഷ്യർക്ക് നന്മയെന്താണ് തിന്മയെന്താണ് എന്നു പഠിപ്പിക്കുന്നതാകണം; മനുഷ്യരെ ഓരോ വിഷയത്തിലും ധർമ്മമെന്താണ് അധർമ്മമെന്താണ് എന്ന് മനസ്സിലാക്കിക്കൊടുക്കുന്നതാകണം വേദഗ്രന്ഥം എന്നാണ് പരിശുദ്ധ ഖുർആനിന്റെ വീക്ഷണം.'' (ബൈബിളിന്റെ ദൈവികത-സ്നേഹസംവാദം പുസ്തകരൂപം പേജ് 46,47).

ഒരു കടുത്ത ഇസ്ലാംമത പ്രചാരകൻ ഇസ്ലാമിന്റെ ഭൂമികയിൽ നിന്നും ബൈബിളനെ വിമർശിക്കുന്നതെങ്ങനെ ഒരു സത്യന്വേഷിയുടെ വീക്ഷണമാകും? ഖുർആനിന്റെ ബൈബിൾ വീക്ഷണം എങ്ങനെയാണ് സത്യാന്വേഷണമാകുക? ഇസ്ലാം മത വിശ്വാസിക്ക് ഖുർആൻ സത്യഗ്രന്ഥമാണെന്നതുകൊണ്ട് അപരനു അതംഗീകരിക്കാനുള്ള ബാദ്ധ്യതയില്ലെന്ന ബോദ്ധ്യം ശ്രീ. അക്ബറിനില്ലെന്നതാണ് സത്യം. വിമർശനാതീതമല്ല ഖുർആൻ എന്നതിനാൽ അത് പരിപൂർണ്ണ സത്യമായി അംഗീകരിക്കാത്ത കോടിക്കണക്കിനു ആളുകൾ ഭൂമിയിൽ വസിക്കുന്നുണ്ട് എന്നത് വസ്തുതയാണ്.ഏതൊരു വ്യക്തിയും തങ്ങളുടെമതമാണ് അല്ലെങ്കിൽ സംഘടനയാണ് അഥവാ, ചിന്താധാരയാണ് സത്യമെന്നു കരുതുന്നവരാണ്. അവയെല്ലാം ശരിയാണെന്ന മിഥ്യാധാരണയിൽ നിന്നുകൊണ്ട് അപരന്റെ മതത്തെ വീക്ഷിക്കുന്നത് പരിഹാസ്യമെന്നേ പറയേണ്ടൂ. ഏതെങ്കിലും ഒരു ചിന്താഗതിക്കടിമപ്പെടാതെ സ്വതന്ത്ര ചിന്തയോടെ എല്ലാറ്റിനേയും അന്വേഷണവിധേയമാക്കുകയാണ് ഒരു സത്യാന്വേഷിയുടെ ധർമ്മം. അത്തരം ഒരാളല്ല ശ്രീ. അക്ബർ എന്നത് ഏവർക്കും അറിയാവുന്നതുമാണ്.

ഒരു ദൈവികഗ്രന്ഥം മനുഷ്യരെ ധാർമ്മികത പഠിപ്പിക്കുന്നതാകണം എന്ന അഭിപ്രായം അംഗീകാര യോഗ്യമാണ്. അതിനോടു പൂർണ്ണമായ് യോജിച്ചുകൊണ്ട് ഒരു മറുചോദ്യം ഉന്നയിക്കട്ടെ:" വിശുദ്ധ ബൈബിൾ പഠിപ്പിക്കാൻ വിട്ടുപോയ ഏതെങ്കിലും ധാർമ്മികത ഇന്നു ലോകത്തു നിലവിലുണ്ടോ?" ബൈബിളിന്റെ ധാർമ്മികതയെ കണ്ണുമടച്ച് എതിർത്താൽ സ്വയം പരിഹാസ്യ നാകുമെന്ന തിരിച്ചറിവിൽ സ്വയം രക്ഷനേടാനും അദ്ദേഹം വഴി കണ്ടെത്തുന്നുണ്ട്.'' ബൈബിളിൽ ധാർമ്മികമായ ഒരുപാട് ഉപദേശങ്ങളുണ്ട്. നിർദ്ദേശങ്ങളുണ്ട്. സംശയമൊന്നും ഇല്ല.''(ബൈബിളിന്റെ ദൈവികത -സ്നേഹസംവാദം പുസ്തകരൂപം പേജ് 47).

ഒരു ദൈവികഗ്രന്ഥം മനുഷ്യരെ ധാർമ്മികത പഠിപ്പിക്കുന്നതാകണം എന്നു പറഞ്ഞ അക്ബർ സാഹിബ്ബ് തന്നെ ധാർമ്മികമായ ഒരുപാട് ഉപദേശങ്ങൾ ബൈബിളിലുണ്ടെന്ന് അംഗീകരിക്കുന്നുണ്ടല്ലോ. ''ഈ ധാർമ്മികതയെല്ലാം ബൈബിളിൽ സ്ഥാനം പിടിച്ചതിനു കാരണം ദൈവം തമ്പുരാൻ അവതരിപ്പിച്ച പ്രവാചകന്മാരിലൂടെ അവതരിക്കപ്പെട്ട നിയമങ്ങളുടെ ഭാഗങ്ങൾ അവയിലുള്ളതുകൊണ്ടാണ്.''(ബൈബിളിന്റെ ദൈവികത-സ്നേഹസംവാദം പുസ്തകരൂപം പേജ് 47).

ദൈവം തമ്പുരാൻ എന്ന അദ്ദേഹത്തിന്റെ പ്രയോഗം അല്ലാഹുവിനെയാണ് സൂചിപ്പിക്കുന്നത്. അല്ലാഹു എന്ന ദൈവം ഒരുലക്ഷത്തിഇരുപത്തിനാലായിരത്തോളം പ്രവാചകന്മാരെ അയച്ചു എന്നും അവരിലൂടെയാണ് സന്മാർഗ്ഗനിർദ്ദേശങ്ങൾ പഠിപ്പിച്ചതെന്നുമുള്ള ഇസ്ലാമിന്റെ അവകാശവാദമാണ് പറയാൻ ശ്രമിക്കുന്നത്. ചരിത്രപരമായി യാതൊരു തെളിവും ഇല്ലാത്ത വെറും സങ്കല്പം മാത്രമാണത്. മുൻവേദക്കാർക്ക് ധാർമ്മിക ഉപദേശങ്ങൾ, നിയമങ്ങൾ എല്ലാം നല്കിയത് അല്ലാഹുവാണെന്നതിനു ഇസ്ലാം മതത്തിനു വെളിയിൽ ചരിത്രപരമോ മതപരമോ ആയ യാതൊരു രേഖയും ഇല്ലെന്നിരിക്കെ, ബൈബിളിലെ ധാർമ്മികതയെല്ലാം ഇസ്ലാമിന്റെ മേൽവിലാസത്തിലാക്കുന്ന അവകാശവാദം ചോദ്യം ചെയ്യപ്പെടുമെന്നത് നിസ്തർക്കമാണ്. യഹോവയാം ദൈവം തെരഞ്ഞെടുത്ത പ്രവാചകന്മിരിലൂടെ അവതരിപ്പിച്ച ധാർമ്മിക നിയമങ്ങളാണു ബൈബിളിലുള്ളത്. അതിനു ചരിത്ര പരവും മതപരവും ആയ ധാരാളം തെളിവുകൾ ഉണ്ടുതാനും. അക്ബർ സാഹിബ്ബ് മുടന്തൻ ന്യായം പറഞ്ഞ് രക്ഷപ്പെടാനാണ് ശ്രമിച്ചതെങ്കിലും ബൈബിൾ ധാർമ്മികത പഠിപ്പിക്കുന്ന ദൈവിക ഗ്രന്ഥമാണെന്ന സത്യം അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് ദൈവം തന്റെ പ്രവാചകരിലൂടെ നല്കിയതാണെന്ന വസ്തുതയും അദ്ദേഹം സമ്മതിക്കുന്നു.

ഉല്പത്തി പുസ്തകത്തിൽ ദൈവം കളവു പറയുന്നുവോ?

അക്ബർ എഴുതുന്നു. ''ഉല്പത്തി പുസ്തകത്തിൽ 19-ാം അദ്ധ്യായത്തിൽ ലോത്ത് എന്ന നീതിമാൻ, കർത്താവ് ഇഷ്ടപ്പെട്ട വ്യക്തി, അദ്ദേഹം സ്വന്തം പെൺമക്കളോടൊപ്പം മദ്യപിച്ച് ലക്കുകെട്ട് ശയിക്കുന്നത് നമ്മൾ വായിക്കേണ്ടി വരുന്നു.'' (ബൈബിളിന്റെ ദൈവികത -സ്നേഹസംവാദം പുസ്തകരൂപം പേജ് 47).

ഈ ബൈബിൾ ഭാഗങ്ങൾ തങ്ങളുടെ താത്പര്യത്തിനു വേണ്ടി കടത്തിക്കൂട്ടിയതാണെന്ന വാദം വിശകലനം ചെയ്യപ്പെടേണ്ട തുണ്ട്. ഏതു കാര്യത്തിന്റെയും പിന്നിൽ ഒരു ലക്ഷ്യം ഉണ്ടായിരിക്കുമല്ലോ. അത്തരം എതു ലക്ഷ്യമാണ് ഇതിന്റെ പിന്നിലുള്ളത് എന്നു അക്ബർ സാഹിബ്ബ് വിശദമാക്കേണ്ടതുണ്ട്. ഇത്തരം ഒരു ഭാഗം കടത്തിക്കൂട്ടുന്നതിലൂടെ യഹൂദനെ സംബന്ധിച്ചിടത്തോളം പവിത്ര മായി കരുതുന്ന ബൈബിളിനു ശ്രേഷ്ഠത ലഭിക്കുമോ? ഈ ഭാഗം ചൂണ്ടിക്കാട്ടി ധാർമ്മികാധഃപതനത്തെ ന്യായീകരിച്ച് ഇത്തരം പവർത്തനങ്ങൾ ജീവിതത്തിൽ തുടരാമെന്ന വിചാരമായിരുന്നോ കടത്തിക്കൂട്ടിയവർക്ക് ഉണ്ടായിരുന്നത്? ബൈബിൾ വിശ്വാസികളായ യഹൂദന്മാരോ ക്രിസ്ത്യാനികളോ ആകട്ടെ തങ്ങളുടെ ജീവിതത്തിൽ ഈ അധാർമ്മികത അനുവർത്തിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാറില്ലെന്നിരിക്കെ അവ കടത്തിക്കൂട്ടിയതാണെന്ന വാദം ബാലിശമല്ലേ? ലോത്തിന്റെ ജീവിതത്തിൽ വന്നുഭവിച്ചതിന്റെ ഉത്തരവാദികൾ ജഢികസ്ത്രീകളായ തന്റെ പെൺമക്കളാണ്. അവർ മദ്യം കൊടുത്തു മയക്കി അരുതാത്ത പ്രവൃത്തി ചെയ്യുകയായിരുന്നു.

'' നോഹ മദ്യപിച്ചതും ഉടുവസ്ത്രം നഷ്ടപ്പെട്ടവനായി കിടന്നതും ലോത്തിന്റെ പെൺമക്കളുടെ ദുർവൃത്തിയുമെല്ലാം പില്ക്കാല ഘട്ടത്തിൽ തങ്ങളുടെ താത്പര്യത്തിനു വേണ്ടി കടത്തിക്കൂട്ടിയതാണ്.'' (ബൈബിളിന്റെ ദൈവികത-സ്നേഹസംവാദം പുസ്തകരൂപം പേജ് 47).

നോഹയുടെ മദ്യപാനവും വിവസ്ത്രനായി കിടന്നതും ബൈബിളിൽ തിരുകിക്കയറ്റിയതിനു പിന്നിൽ എന്തു സ്വാർത്ഥയാണുള്ളത്? തങ്ങൾക്കു ഗുണകരമായിത്തീരാത്ത ഒരു കാര്യത്തിനു വേണ്ടി ഇതുപോലൊരു സാഹസം

**ശേഷം** 22-ാം പേജിൽ

യേശുമിശിഹാ ഏതു പക്ഷത്ത്?

# പൗലോസിൻെറ പുതിയ സുവിശേഷം.

അസ്‌ലൻ ബർക്കർ



**ആ**ദ്യമനുഷ്യരായ ആദാമും ഹവ്വയും ദൈവത്തിനു വിരുദ്ധമായി തെറ്റു ചെയ്തു. ഇത് തലമുറകളി ലായി എല്ലാ മനുഷ്യരിലുമിരിക്കുന്നു. അങ്ങനെ, ജന്മപാപവും, ഒരു മനുഷ്യൻ ജീവിതത്തിൽ ചെയ്യുന്ന കർമ്മപാപവും, അവൻെറ രക്ഷയെ തടയുന്നു. ന്യായപ്രമാണമെന്ന ദൈവികനിയമത്തിലൂടെ തെറ്റു ചൂണ്ടിക്കാണിക്കുവാനേ കഴിയുകയുള്ളു. പാപ ത്തിൽ നിന്നും ഇവനെ രക്ഷിക്കാൻ, ന്യായപ്രമാണ പ്രകാരമുള്ള പാപപരിഹാരം ഒന്നും മതിയാവുക യില്ല. അതായത് ന്യായപ്രമാണത്തിലൂടെ ഒരു മനു ഷ്യനും നീതീകരിക്കപ്പെടുന്നില്ല. മുമ്പ് അബ്രഹാ മിനും അവൻെറ സന്തതിക്കും വാഗ്ദത്തങ്ങൾ നല്കിയിട്ടുണ്ട്. ഈ വാഗ്ദാനത്തിനു 430 വർഷ ങ്ങൾക്കു ശേഷമാണ്, മോശെക്കു ന്യായപ്രമാണം നല്കിയത്. അതിനാൽ മോശെക്കു നല്കിയ ന്യായ പ്രമാണം ആദ്യം കൊടുത്ത വാഗ്ദാനത്തെ അസ്ഥിരപ്പെടുത്തുന്നില്ല. ന്യായപ്രമാണം മനു ഷ്യരെ പാപത്തിൻ കീഴ് അടച്ച് ശിശുപാലകനായി യേശുവരെ നയിക്കുകയാണ് ചെയ്തത്. വാഗ്ദത്തമായ യേശു വന്നതോടു കൂടി ഇനി ശിശുപാലകനായ ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കേണ്ട ആവശ്യമില്ല. ന്യായപ്രമാണ ത്തിലെ പാപപരിഹാരമായ യാഗം എന്ന കല്പന യാണ് യേശുവിൻെറ മരണത്തിലൂടെ സംഭവിച്ചത്. ആദ്യമനുഷ്യനായ ആദാം മുതൽ ലോകാവസാനം വരെ ജീവിക്കുന്ന എല്ലാ മനുഷ്യരുടെയും പാപങ്ങൾ ഏറ്റെടുത്തു യേശു കുരിശിൽ മരിച്ചു. അതിനാൽ, ഇനിയും നമ്മൾ ന്യായപ്രമാണം അനുസരിച്ച് ജീവിക്കേണ്ടതില്ല. മറിച്ച്, നമ്മുടെ പാപപരിഹാരത്തിനായി യേശു മരിചുവെന്ന വിശ്വാസം മാത്രം മതി രക്ഷപ്പെടാൻ എന്നതാണ് പൗലോസിൻെറ സുവിശേഷം. യരുശലേ മിൽ ചെന്നു ഈ സുവിശേഷം പറയാൻ പൗലോസ് ഒരിക്കലും ധൈര്യപ്പെട്ടില്ല. അങ്ങനെയെങ്കിൽ ജാതി കൾമാത്രമല്ല, യരുശലേമിലെ നിങ്ങളും ന്യായപ്ര മാണം അനുസരിക്കേണ്ട എന്നായിരുന്നു വാദി ക്കേണ്ടത്. ഇവിടെ പൗലോസ്, വിജാതീയരുടെ മേൽ തുടക്കക്കാർ എന്ന പേരിൽ ന്യായപ്രമാണ ത്തിലെ കല്പന നിർബ്ബന്ധമാക്കരുതെന്നാണ് ആവശ്യപ്പെടുന്നത്. ക്രിസ്തു മരിചത് സർവ മനുഷ്യരുടെയും പാപമോചനത്തിനായിരുന്നു വെങ്കിൽ യരുശലേം സഭയിലെ ക്രിസ്തുമാർ ഗ്ഗികളും യേശു തിരഞ്ഞെടുത്ത ശിഷ്യന്മാരും ന്യായപ്രമാണം ഉപേക്ഷിക്കേണ്ടവർ ആണല്ലോ. ജാതികൾക്കു യേശുവിൻെറ വിയോഗത്തോടെ

ന്യായപ്രമാണം നീങ്ങിയെന്നോ, ഇനി വിശ്വാസം മാത്രം മതിയെന്നോ യാക്കോബ് പറയുന്നില്ല. മറിച്ച് വിജാതീയരെ അസഹ്യപ്പെടുത്തണ്ടായെന്നും അവരുടെ നാടുകളിലുള്ള യഹൂദന്മാർ ശബ്ബത്തുതോറും ന്യായപ്രമാണം വായിക്കുകയും, അത് പട്ടണങ്ങളിൽ പ്രസംഗിക്കുകയും ചെയ്യുന്നതിനാൽ, പതുക്കെ അവർ മനസ്സിലാക്കിക്കൊള്ളുമെന്നുമാണ് പറയുന്നത്. യഹൂദന്മാരുടെ പള്ളിയിൽ വിജാതീയർക്കു കയറാൻ അനുവാദമില്ലാത്തയിനാലാണ് പട്ടണം തോറും പ്രസംഗിക്കുന്നവരെ യാക്കോബ് ആശ്രയിക്കുന്നത്. (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 28-32)യേശുവിൻെറ മരണത്തിലൂടെ പാപപരിഹാരം വന്നതുകൊണ്ട് ന്യായപ്രമാണം അനുസരിച്ചു ജീവിക്കേണ്ടതിൻെറ ആവശ്യകത ഇല്ലെന്നും യേശു പാപപരിഹാരത്തിനായി മരിച്ചുവെന്ന വിശ്വാസം മാത്രം മതി രക്ഷപ്പെടാൻ എന്നു പറയുന്നതും പൗലോസിൻെറ പുതിയ സുവിശേഷമാണെന്നാണ് മുഹമ്മദ് ഈസായുടെ വാദം. യരുശലേമിൽ ഈ സുവിശേഷം പറയാൻ പൗലോസ് ഒരിക്കലും ധൈര്യപ്പെട്ടിരുന്നില്ലത്രേ. കൊർന്നല്ല്യോസിൻെറ ഭവനത്തിൽ വച്ചു പത്രോസ് പ്രസംഗിച്ചതും ഇതേ സുവിശേഷമായിരുന്നു. ജാതികളിൽ നിന്നുമുള്ളവർ ആദ്യമായി ക്രൈസ്തവ വിശ്വാസത്തിലേക്കു കടന്നു വരുന്നത് പത്രോസിൻെറ കൈസര്യയിലെ പ്രസംഗം ശ്രവിച്ചതിലൂടെയാണ്. അന്നു ജാതികളുടെ മേലും ദൈവം പരിശുദ്ദാത്മാവിനെ പകർന്നതു കണ്ട് പരിച്ഛേദനക്കാരായ വിശ്വാസികൾ ദൈവത്തെ മഹത്വപ്പെടുത്തി. പത്രോസ് അവരെ പരിച്ഛേദന കഴിപ്പിക്കുകയായിരുന്നില്ല ചെയ്തത്; യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം കഴിപ്പിക്കുകയായിരുന്നു. പൗലോസ് പറയുന്നതിനു വിരുദ്ധമായിരുന്നു യേശുശിഷ്യന്മാരുടെ സുവിശേഷമെങ്കിൽ എന്തുകൊണ്ട് പത്രോസ് അവരോടു പരിച്ഛേദന കഴിപ്പാൻ ആവശ്യപ്പെട്ടില്ല. പൗലോസാകട്ടെ, ഇക്കാലയളവിൽ ക്രിസ്തുവിൻെറ ശിഷ്യത്വം സ്വീകരിച്ചിരുന്നുമില്ല. അന്നു യാക്കോബ് വിജാതീയർക്കുള്ള നിയമത്തിൽ അയവു വരുത്തുകയോ അഭിപ്രായമെങ്കിലും പറയുകയോ ചെയ്തിരുന്നില്ലല്ലോ. അവരോടു പരിച്ഛേദന ഏല്ക്കണമെന്നു പറഞ്ഞിരുന്നെങ്കിൽ അവരതനുസരിക്കുമായിരുന്നല്ലോ. അന്നതിനെതിരെ പറയാൻ ആരുമുണ്ടായിരുന്നുമില്ല. എന്നുതന്നെയല്ല, പരിച്ഛേദനക്കാരായിരുന്നു കൂടെയുണ്ടായിരുന്നവർ എല്ലാവരും. എന്നിട്ടുമെന്തേ പത്രോസ് പരിച്ഛേദനയുടെ കാര്യം ഒന്നാവശ്യപ്പെടുക പോലും ചെയാതിരുന്നത്? ഒന്നുപദേശിക്കുകയെങ്കിലും ചെയേണ്ടതായിരുന്നില്ലേ? പരിച്ഛേദനക്കാരാരെങ്കിലും അതാവശ്യപ്പെടേണ്ടതല്ലേ? അപ്പോൾ, ന്യായപ്രമാണത്തിൻെറ പ്രവൃത്തികൾ രക്ഷക്കു അനിവാര്യമായിരുന്നില്ല എന്നു പത്രോസിനെപ്പോലെ തന്നെ പരിശുദ്ധാത്മാവിനെ കൈക്കൊണ്ട പരിച്ചേദനക്കാർ ഗ്രഹിച്ചിരുന്നുവെന്നതാണ് സത്യം. ന്യായപ്രമാണം അവർ ഉപേക്ഷിച്ചുവെന്നതാണ് കാര്യം.പത്രോസ് പറയുന്നതു കേൾക്കുക:

“ആകയാൽ നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിഞ്ഞിട്ടില്ലാത്ത നുകം ശിഷ്യന്മാരുടെ കഴുത്തിൽ വെപ്പാൻ നിങ്ങൾ ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നതെന്ത്? (അപ്പൊസ്തലപ്രവൃത്തികൾ-15:7-11)ന്യായപ്രമാണം ആർക്കും ചുമപ്പാൻ കഴിയാത്തനുകമാണെന്നതു കൊണ്ടുതന്നെയാണ് അതനുസരിക്കാൻ വിജാതീയരിൽ നിന്നും വിശ്വാസത്തിൽ വന്നവരോട് പത്രോസ് ആവശ്യപ്പെടാതിരുന്നത്. ആർക്കും ചുമപ്പാൻ കഴിയാത്തനുകമെങ്ങനെയാണ് അവർ ചുമക്കുക. മനുഷ്യർക്ക് ആർക്കും അതു ചുമപ്പാൻ കഴിയാത്തതുകൊണ്ടാണ് അത് ചുമപ്പാൻ കഴിയുന്ന ഒരാളായി യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നത്. എന്നാൽ, യേശുവിൻെറ പ്രബോധനങ്ങളാകുന്ന നുകവും ചുമടും മൃദുവും ലഘുവുമായിരുന്നു. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എൻെറ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ, നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എൻെറ നുകം മൃദുവും എൻെറ ചുമടു ലഘുവും ആകുന്നു. (മത്തായി 11:29,30). ന്യായപ്രമാണം പോലെയല്ല, ആർക്കും ചുമക്കാൻ കഴിയുന്നതാണ് യേശുക്രിസ്തുവിൻെറ നുകം. യേശുക്രിസ്തുവിൻെറ പ്രബോധനങ്ങൾ നേരിട്ടു ശ്രവിച്ച പത്രോസിനു ഇക്കാര്യത്തിൽ ലവലേശം സംശയമില്ലായിരുന്നു. അതുകൊണ്ടുതന്നെയാണ് ന്യായപ്രമാണം നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ

കഴിഞ്ഞിട്ടില്ലാത്ത നുകം തന്നെയാണെന്നു അദ്ദേഹം ഉറപ്പിച്ചു പറഞ്ഞതും. യഹൂദ്യയിലുള്ള വരെല്ലാവരും ന്യായപ്രമാണം ആചരിക്കേണ്ടതി ല്ലെന്നു കരുതിയവരായിരുന്നു. ആചരിക്കാത്ത വരോടു പിന്നെന്തിനാണ് ന്യായപ്രമാണം ആചരിക്കേണ്ടതില്ലെന്നു പറയുന്നത്? വിജാതീ യരുടെ മേൽ ന്യായപ്രമാണത്തിലെ കല്പന നിർബന്ധമാക്കരുതെന്നു പൗലോസ് ആവശ്യ പ്പെട്ടതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. മനുഷ്യർക്കു ചുമക്കാൻ കഴിയാത്ത നുകമാണ് ന്യായപ്രമാണമെന്ന പത്രോസിന്റെ വാദത്തെ യാക്കോബ് നിഷേധിച്ചില്ല. "കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷപ്രാപിക്കും എന്നു നാം വിശ്വസിക്കുന്നതു പോലെ അവരും വിശ്വസിക്കുന്നു.(അപ്പൊസ്തലപ്രവൃത്തികൾ-15:12) കർത്താവായ യേശുവിന്റെ കൃപയാൽ നാം രക്ഷപ്രാപിക്കുമെന്നു പത്രോസു പറഞ്ഞതും യാക്കോബ് തിക്കളഞ്ഞിട്ടില്ല. എന്താണിതിനർത്ഥം? ന്യായപ്രമാണത്താലല്ല, യേശുക്രിസ്തുവിലൂടെ യാണ് രക്ഷ എന്നതു ഏവരും വിശ്വസിക്കുന്നു എന്നുതന്നെയല്ലേ? "വ്യർത്ഥവും പിതൃപാരമ്പര്യ വുമായു നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് ക്രിസ്തു എന്ന നിർദ്ദോ ഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വില യേറിയ രക്തം കൊണ്ടത്രേ. (1പത്രോസ്1:18,19). ഇതെഴുതിയ പത്രോസ് താൻ പറയുന്ന സുവിശേഷത്തെക്കുറിച്ചു തീർത്തും ബോദ്ധ്യമുള്ള ആളായിരുന്നുവെന്നത് വ്യക്തമല്ലേ? അതുകൊണ്ടാ ണല്ലോ പത്രോസിന്റെ പ്രസംഗം കേട്ടു വന്ന വിജാതീയരെ പരിച്ഛേദന കഴിപ്പിക്കാതിരുന്നത്. പരീശപക്ഷത്തു നിന്നു വിശ്വസിച്ചവർ ചിലർ (എല്ലാവരുമല്ല) ആണ് പ്രശ്നമുണ്ടാക്കിയത്. വസ്തുതകളെ വ്യക്തമായി മനസ്സിലാവാതിരുന്ന പുതിയ വിശ്വാസികളാണവർ. ഇത്രനാളും ന്യായപ്രമാണം അനുഷ്ഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു വന്നവർ. ഇവിടെ വിശ്വസിച്ചു വന്ന പരീശന്മാരാരും ക്രൈസ്തവപക്ഷത്തു വന്നശേഷം പരിച്ഛേദന ഏറ്റവരല്ല. എട്ടാം നാളിൽ പരിച്ഛേ ദന ഏറ്റവരായ ഇക്കൂട്ടർ വിശ്വസിച്ചു വന്നപ്പോൾ പിന്നെപരിച്ഛേദന ഏല്ക്കേണ്ടതില്ലായിരുന്ന തുകൊണ്ട്, മുമ്പ് തങ്ങൾ പരിച്ഛേദന ഏറ്റിരുന്നതുപോലെ ജാതികളിൽ നിന്നും വന്നവർക്കും പരിച്ഛേദന ആവശ്യമായിരിക്കും എന്നു കരുതിയതാണ്. അല്ലെങ്കിൽ പത്രോസി ന്റെയും യാക്കോബിന്റെയും പ്രസംഗത്തിനു ശേഷംഅവരതംഗീകരിക്കുമായിരുന്നില്ല. മുമ്പ് അവരോട് പരിച്ഛേദന ഏല്ക്കേണ്ട എന്നു പ്രസംഗിച്ചിരുന്നില്ല?. കാരണം പരിച്ഛേദന ഏറ്റിരുന്നവർ പരിച്ഛേദന ഏല്ക്കേണ്ടതില്ല എന്നു പറയേണ്ടതില്ലല്ലോ. മറ്റുള്ളവർ പരിച്ഛേദന ഏല്ക്കണമെന്നതിനെക്കുറിച്ചും പ്രസംഗിച്ചിരു ന്നില്ല. അല്ലാത്തപക്ഷം, എല്ലാവരും ന്യായപ്രമാണ ത്തിന്റെ അനുഷ്ഠാനകർമ്മങ്ങൾ നിർബ്ബന്ധമായും അനുസരിക്കുവാൻ നിർബ്ബന്ധിക്കപ്പെടുമായിരുന്നു. ജാതികളേയും പരിച്ഛേദനയ്ക്കു വിധേയമാക്കുമാ യിരുന്നു. ജാതികളിൽ നിന്നും വരുന്നവർ പരി ച്ഛേദന ഏല്ക്കണമെന്നതു് നിർബന്ധമാക്കി യാൽ അതനുസരിക്കാൻ അവർ തയാറാകുമായിരു ന്നല്ലോ. അതനുസരിക്കുന്നവർക്കല്ലാതെ ക്രിസ്ത്യാ നിയാവാൻ സാദ്ധ്യമല്ലെന്നു വന്നാൽ അതിനു താത്പര്യമുള്ളവർ അതനുസരിക്കുമെന്നതാണ് വാസ്തവം. അതല്ലാതെ, ചിലർക്കു മാത്രമായി മതനിയമങ്ങൾ ഇളവു ചെയ്തു കൊടുത്തുകൊണ്ട് രണ്ടു തരം ഉപദേശങ്ങളെ ഒന്നിച്ചു കൊണ്ടു പോ കുന്ന ഒരു വിശ്വാസ സംഹിതയാണ് ക്രിസ്ത്യ നിത്വം എന്നാണോ മുഹമ്മദ് ഈസാ ധരിച്ചുവച്ച രിക്കുന്നത്? അപ്പൊസ്തലന്മാരും മൂപ്പന്മാരും സർവ്വ സഭയും ചേർന്നു എഴുതി അയയ്ക്കുന്ന കത്തിൽ വിവരിച്ചിരിക്കുന്നതു കാണുക. "ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു എന്നു കേൾക്കയാൽ ഞങ്ങൾ ചില പുരുഷന്മാരെ തിര ഞ്ഞെടുത്തു,നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ നാമത്തിനുവേണ്ടി പ്രാണത്യാഗം ചെയ്തവരായ നമ്മുടെ പ്രിയ ബർന്നബാസി നോടും പൗലോസിനോടും കൂടെ നിങ്ങളുടെ അടു ക്കൽ അയക്കേണം എന്നു ഞങ്ങൾ ഒരുമനപ്പെട്ടു നിശ്ചയിച്ചു.(അപ്പൊസ്തലപ്രവൃത്തികൾ-15:24-27) യരുശലേമിൽ നിന്നും വന്നു പരിച്ഛേദന ഏല്ക്കണമെന്നു നിർബന്ധിച്ചവർ അപ്പൊസ്തല ന്മാരു ടെയോ മൂപ്പന്മാരുടെയോ കല്പന ലഭിച്ച വരായിരുന്നില്ല എന്നു എല്ലാവരും ഏകസ്വരത്തിൽ പറയുമ്പോൾ, നുഴഞ്ഞു വന്ന സഹോദരന്മാരാണ് പ്രശ്നമുണ്ടാക്കിയതെന്ന പൗലോസിന്റെ വാദ ത്തെ അതു പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്.

അവരെക്കുറിച്ചു യൂദാ ഇപ്രകാരം എഴുതിയിരിക്കുന്നു:"നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു."(യൂദാ 4) യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി ബർന്നബാസും പൗലോസും പ്രാണത്യാഗം ചെയ്തുവെന്നാണ് അപ്പൊസ്തലന്മാരും മൂപ്പന്മാരും പറയുന്നത്. അല്ലാതെ, ജാതികളിൽ നിന്നും വന്നവർക്കായി ഇളവു ലഭിക്കാൻ പോരാടിയെന്നല്ല. മോശെയുടെ ന്യായപ്രമാണം പള്ളികളിൽ വായിച്ച് വരുന്നതിനാൽ, പൂർവ്വകാലം മുതൽ അതു പട്ടണം തോറും പ്രസംഗിക്കുന്നവരുണ്ട്. തന്മൂലം ജാതികൾ പരിച്ഛേദന ഏല്ക്കണമെന്നു ഇത്തരം പ്രസംഗകരുടെ വാക്കു കേൾക്കുന്നവർ ശഠിക്കാൻ സാദ്ധ്യതകൾ ധാരാളമുണ്ട്. പരിച്ഛേദന ആവശ്യമില്ലാത്തതിനാൽ, ആവശ്യമില്ലാത്ത കാര്യം (ചുമക്കാൻ കഴിയാത്ത നുകം) അവരുടെ മേൽ ചുമത്തി അവരെ വിഷമിപ്പിക്കണ്ട എന്ന അർത്ഥത്തിലാണു നാം ജാതികളെ അസഹ്യപ്പെടുത്തരുതെന്നു യാക്കോബ് പറയുന്നത്. കർത്താവിനാൽ വിളിക്കപ്പെട്ടവർ ഗൗരവമേറിയ ഒരു കാര്യം മറച്ചുവച്ചിട്ടു പട്ടണത്തിൽ പ്രസംഗിക്കുന്നവരിൽ നിന്നും കേട്ടു പഠിക്കുമെന്നു ചിന്തിച്ചുവെന്നു പറയുന്നത് ഈസായെപ്പോലുള്ളവർക്കു വിശ്വസിക്കാനേ കൊള്ളുകയുള്ളു. അബ്രഹാമിനോടുള്ള ഉടമ്പടിക്കും മോശെക്കു നല്കിയ ന്യായപ്രമാണത്തിനും അനേകവർഷങ്ങൾ കഴിഞ്ഞു കർത്താവ് യിരെമ്യാവ് മുഖാന്തരം അരുളിച്ചെയ്യുന്നത് ഇപ്രകാരമാണ്: "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്. (യിരെമ്യാവ് 31: 31,32) "ഞാൻ വിശ്വസ്തതയോടെ അവർക്കു പ്രതിഫലം കൊടുത്തു അവരോടു ഒരു ശാശ്വതനിയമം ചെയ്യും. (യശയ്യാവ് 61:8) മുമ്പ് നല്കിയിരുന്ന നിയമങ്ങൾ നിലനില്ക്കേ പുതിയൊരു നിയമം നല്കുമെന്നു പറയുന്നത് എന്തിന്? "ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമംപോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു. എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ജനത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്.(യിരെമ്യാവ് 31: 32,33)പുതിയ നിയമം ജനത്തിന്റെ ഉള്ളിലാക്കുകയാണു ചെയ്യുന്നത്. അതു ബാഹ്യമായി പ്രവർത്തിക്കുന്നതിലൂടെ മുക്തി നേടുകയല്ല; മറിച്ച് അതു ബാഹ്യമായി പ്രവർത്തിക്കുന്നതിലൂടെ മുക്തിനേടുകയല്ല; മറിച്ച്, ഉള്ളിലെഴുതിയിരിക്കുന്ന പ്രമാണത്തിനനുസൃതമായി പ്രവൃത്തി വെളിവാകുകയാണു ചെയുന്നത്. ഉള്ളിലെഴുതിയിരിക്കുന്ന പ്രമാണത്തിനനുസൃതമായി പ്രവൃത്തി വെളിവാകുകയാണു ചെയ്യുന്നത്. മോഷ്ടിക്കാതിരിക്കുക എന്ന കല്പനക്കു വിരോധമായി, മോഷണം എന്ന പ്രവൃത്തി ചെയ്യുന്നതായിരുന്നു മുമ്പ് പാപമെങ്കിൽ പുതിയനിയമമനുസരിച്ചു മോഷ്ടിക്കണമെന്ന ചിന്തപോലും മോഷണമായി കണക്കാക്കുന്നതാണ്. അതുകൊണ്ട്, പുതിയനിയമം പഴയതിനെക്കാൾ ഉത്കൃഷ്ടമാകുന്നു. അതുകൊണ്ടുതന്നെ പഴയത് സ്വയം ബലഹീനമാണെന്നു വരുന്നു. ഇവിടെ പ്രവൃത്തികളാണ് തെറ്റെങ്കിൽ, പുതിയ നിയമത്തിൽ ചിന്തകൾ പോലും പാപമാകുന്നു. അതു നീക്കിക്കളയുവാൻ ന്യായപ്രമാണാനുഷ്ഠാനങ്ങൾ മതിയാകുകയില്ല എന്നു വരുന്നു. കാരണം, പ്രവൃത്തികൾക്കായി നിശ്ചയിചിരുന്ന ശിക്ഷാ നടപടികളായിരുന്നു പഴയനിയമങ്ങൾ അഥവാ, ന്യായപ്രമാണാനുഷ്ഠാനങ്ങൾ. നിങ്ങൾ അങ്ങനെ പാപം ചെയ്താൽ ഇങ്ങനെ പ്രതിവിധി ചെയുവിൻ, ഇതായിരുന്നു ന്യായപ്രമാണം. പുതിയനിയമം അങ്ങനെയല്ല, നിങ്ങൾ പാപം ചെയ്യരുത് എന്നാണ്. യേശു പറയുന്നതു ശ്രദ്ധിക്കുക: "ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു. അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു. (ലൂക്കോസ് 16:16, മത്തായി 11:12–13) ന്യായപ്രമാണത്തിന്റെ കാലം യോഹന്നാനിൽ അവസാനിക്കുന്നുവെന്നു യേശുവാണ് പഠിപ്പിച്ചത്. യേശു തന്നെ പുതിയനിയമവും സ്ഥാപിക്കുന്നതു

രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക: "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എൻെറ രക്തം. ഇത് കണ്ടും കേട്ടും കൂടെ നടന്ന ശിഷ്യന്മാർ യേശുക്രിസ്തുവിൻെറ സുവിശേഷം അനുസരിച്ചു രക്ഷയിലേക്കു വന്നപ്പോൾ പരിച്ഛേദന കഴിപ്പിപ്പാൻ തുനിഞ്ഞില്ല എന്നതാണ് സത്യം. ന്യായപ്രമാണത്തിൻെറ അനുഷ്ഠാന കർമ്മങ്ങൾ അനുസരിക്കുവാൻ നിർബന്ധിക്കപ്പെടാതിരുന്നതിൻെറയും, ജാതികളിൽ നിന്നും വന്നവരെ പരിച്ഛേദനയ്ക്കു വിധേയമാക്കാൻ തുനിയാതിരുന്നതിൻെറയും കാരണമതായിരുന്നു.

**"ലൂക്കോസിൻെറ തന്ത്രം.** പൗലോസ് ഗലാത്യർക്കു എഴുയിയപ്പോൾ ചുരുക്കിപ്പറഞ്ഞ കാര്യം ലൂക്കോസ്ദീർഘമായി വിശദീകരിച്ചിട്ടുപറഞ്ഞിട്ടു അതിലെ പ്രധാനകാര്യമായ യരുശലേമിലെ ശിഷ്യന്മാരുടെ പൗലോസിനോടുള്ള നിലപാടിൻെറ അവസാനഭാഗം തന്ത്രപരമായി തെയോഫിലീസിൽ നിന്നും മറച്ചു വച്ചു. പൗലോസ് സ്ഥാപിച്ച വിജാതീയ സഭയ്ക്കു യരുശലേംസഭയുടെ അംഗീകാരമുണ്ടെന്നു വരുത്തിത്തീർക്കുകയായിരുന്നു പൗലോസിൻെറ ശിഷ്യനായ ലൂക്കോസ്, തൻെറ അപ്പൊസ്തലപ്രവൃത്തികൾ എന്ന പുസ്തകത്തിലൂടെ. തങ്ങൾ വളർത്തിയ സഭകൾ ഒരിക്കൽ കൂടി സന്ദർശിക്കണമെന്നു തീരുമാനിച്ചപ്പോൾ, മർക്കോസിനെക്കൂടി കൂടെ കൊണ്ടു പോകാൻ ബർന്നബാസ് തീരുമാനിച്ചതിൻെറ പേരിൽ പൗലോസും ബർന്നബാസുമായി ഉഗ്രവാദമുണ്ടായി പിരിഞ്ഞുപോയി എന്നാണ് ലൂക്കോസ് പറഞ്ഞത്. അതായത്, കൂട്ടുപ്രവർത്ത കരായ പൗലോസും ബർന്നബാസും തമ്മിൽ തെറ്റിയത് ഈ ഒരു ചെറിയ കാരണം കൊണ്ടാണ്, എന്നതാണ് ലൂക്കോസിൻെറ വാദം. പൗലോസ്, ഈ വിഷയം ഗലാത്യർക്കു വളരെ വിശദമായി പറഞ്ഞു കൊടുക്കുന്നുണ്ട്. യഹൂദന്മാർ മാത്രമല്ല, വിജാതീയരും ന്യായപ്രമാണം അനുസരിക്കണ മെന്നു യേശുശിഷ്യന്മാരായ യാക്കോബും, പത്രോസും തീരുമാനമെടുത്തതാണ് ബർന്നബാസ് താനുമായി തെറ്റാനുള്ള കാരണം എന്നു വ്യക്തമായി പറയുന്നുണ്ട്. ഗലാത്യലേഖനം, യരുശലേം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന യേശുശിഷ്യന്മാർ, തൻെറ കുത്തകയായ വിജാതീയസഭയിൽ ഇടപെട്ടു തൻെറ സ്വാധീനം നഷ്ടമാക്കുന്നതിൽ രോഷം പൂണ്ട് എഴുതിയതാണ്. (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 32-33)

രണ്ടു സന്ദർഭങ്ങളിൽ നടന്ന സംഭവങ്ങൾ ഒരു സംഭവത്തിൻെറ പശ്ചാത്തലമായി കണ്ടതോ അതോ, തെറ്റിദ്ധാരണ ഉണ്ടാക്കുവാൻ രണ്ടും ഒന്നാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചതോ? രണ്ടായാലും സത്യം മറ്റൊന്നാണ്. യഹൂദർ മാത്രമല്ല, വിജാതീയരും ന്യായപ്രമാണം അനുസരിക്കണമെന്നു പത്രോസും യാക്കോബും തീരുമാനമെടുത്തതാണ് ബർന്നബാസ് താനുമായി തെറ്റാനുള്ള കാരണമെന്നു പൗലോസു ഗലാത്യലേഖനത്തിൽ വ്യക്തമായി പറയുന്നുണ്ടെന്ന മുഹമ്മദ് ഈസായുടെ വാദം പച്ചക്കള്ളമാണ്. കാരണം, അത്തരമൊരു തീരുമാനമെടുത്തതായി തിരുവെഴുത്തുകളിലില്ല. മറിച്ച്, "ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെകലക്കിക്കളഞ്ഞു."(അപ്പൊസ്തലപ്രവൃത്തികൾ-15:24) എന്നാണ് ബൈബിളിലുള്ളത്. കേഫാവ് അന്ത്യോക്ക്യയിൽ വന്നപ്പോഴുണ്ടായ സംഭവമാണിവിടെ വിശദീകരിക്കുന്നത്. 'അഗപ്പെ' എന്ന പേരിൽ ആദിമസഭയിൽ സമൂഹസദ്യ നിലവിലിരുന്നു. യാഥാസ്ഥിതികരായിരുന്ന യഹൂദാക്രിസ്ത്യാനികൾ പുറജാതിക്രിസ്ത്യാനികളോടൊത്തു ഭക്ഷണത്തിൽ പങ്കുചേരാൻ വിമുഖത കാണിച്ചു. എന്നാൽ, അന്ത്യോക്ക്യയിൽ വന്ന പത്രോസ് ഈ സദ്യയിൽ യഹൂദ- പുറജാതി വ്യത്യാസം നോക്കാതെ പങ്കെടുത്തു. പിന്നെയാണ് യരുശലേമിൽ യാക്കോബിൻെറ അടുക്കൽനിന്നും ചില സഹോദരന്മാർ അവിടെ വന്നത്. അവരാകട്ടെ അപ്പൊസ്തലന്മാരുടെ അറിവോടെയല്ല വന്നത് എന്നു മുമ്പ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. അവർ വന്നപ്പോൾ അവരെ ഭയപ്പെട്ടു പത്രോസ് പരിച്ഛേദനപ്രശ്നം ഉന്നയിക്കുന്ന അവരോടൊപ്പം ചേരുകയും സദ്യയിൽ നിന്നും മാറിനില്ക്കുകയും ചെയ്തു. പത്രോസിൻെറ ഈ പ്രവൃത്തിയെ പൗലോസ് എല്ലാവരും കേൾക്കെയാണ് ശാസിച്ചത്. "യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തു യേശുവിൽ വിശ്വസിച്ചു" (ഗലാത്യർ 2:14) ന്യായപ്രമാണത്താലല്ല വിശ്വാസത്താൽ മാത്രമേ

ഒരുവൻ നീതീകരിക്കപ്പെടുകയുള്ളു എന്നത് ബോദ്ധ്യമായിട്ടാണ് നമ്മൾ യേശുവിൽ വിശ്വസിച്ചത്. അതിനനുസരിച്ചു ജീവിക്കാതെ, യഹൂദനായ നീ യഹൂദമര്യാദപ്രകാരമാണ് ജീവിക്കേണ്ടതെങ്കിൽ പിന്നെന്തിന് ജാതികളുടെ മര്യാദ അനുസരിക്കുന്നു? അതല്ല, നീ ജാതികളുടെ മര്യാദ പ്രകാരമാണു ജീവിക്കുന്നതെങ്കിൽ പിന്നെന്തിനാണ് യഹൂദൻെറ രീതി അനുസരിക്കാൻ ജാതികളെ നിർബ്ബന്ധിക്കുന്നത്? ഇതാണ് പൗലോസ് ചോദിച്ചത് എന്നതു വ്യക്തമാണല്ലോ. ജാതികളോടൊപ്പമിരുന്നു ഇതുവരെ ഭക്ഷണം കഴിക്കുകയോ, കൂട്ടായ്മ ആചരിക്കുകയോ ചെയ്യുന്നതു തെറ്റായി കാണാതിരുന്ന ബർന്നബാസ്, പത്രോസിൻെറ പ്രവൃത്തിമൂലം യഹൂദരായവർ ജാതികളുമായി സഹവസിക്കുന്നതു തെറ്റാണെന്നു ധരിച്ചതിനെയാണ് പൗലോസ് ഇവിടെ വിവരിക്കുന്നത്. കാരണം, യരുശലേമിൽ നിന്നും വന്നവർ വാക്കുകളാൽ ഭ്രമിപ്പിച്ചു അവരുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞുവെന്നു യാക്കോബ് തന്നെ എഴുതിയിട്ടുണ്ട്. പത്രോസ് ഇതിനുമുമ്പും ജാതികളോടൊപ്പം താമസിച്ച് ഭക്ഷണം കഴിച്ചതായി ബൈബിൾ വൃക്തമാക്കുന്നുണ്ട്. അന്നും പരിച്ഛേദനക്കാർ ഒപ്പമുണ്ടായിരുന്നുവല്ലോ. അന്നു പത്രോസ് അഗ്രചർമ്മികൾക്കൊപ്പമിരുന്നു ഭക്ഷണം കഴിക്കുന്നതിൽ വിമുഖത കാണിച്ചുമില്ല. പത്രോസ് കൊർന്നല്ല്യോസിനെ ഭവനത്തിൽ വച്ച് അഗ്രചർമ്മികൾക്കൊപ്പമിരുന്നു ഭക്ഷണം കഴിച്ച വിവരം അറിഞ്ഞ പരിച്ഛേദനക്കാർ അദ്ദേഹം യരുശലേമിൽ വന്നപ്പോൾ അദ്ദേഹത്തോട് അക്കാര്യത്തെക്കുറിച്ചു വാദിക്കുന്നതായി അപ്പൊസ്തലപ്രവൃത്തികളിൽ കാണാം. “പത്രോസ് യരുശലേമിൽ എത്തിയപ്പോൾ പരിച്ഛേദനക്കാർ അവനോടു: നീ അഗ്രചർമ്മികളുടെ അടുക്കൽ ചെന്നു അവരോടുകൂടെ ഭക്ഷിച്ചു എന്നു പറഞ്ഞു. (അപ്പൊസ്തല പ്രവൃത്തികൾ-11:2,3) അതിനു മറുപടിയായി പത്രോസ് തനിക്കുണ്ടായ ദർശനവും കൊർന്നല്ല്യോസിൻെറ വീട്ടിൽവച്ചു ജാതികൾക്കു പരിശുദ്ധാത്മാവു ലഭിച്ചതും വിവരിച്ചപ്പോൾ അവരത് അംഗീകരിച്ചുവല്ലോ. തൻെറ പ്രവൃത്തിയെ ദൈവം നല്കിയ വെളിപ്പാടിനെ അടിസ്ഥാനമാക്കന ന്യായീകരിച്ച അതേ പത്രോസ് തന്നെ അന്ത്യോക്ക്യയിൽ വച്ച്, യരുശലേമിൽ യാക്കോബിൻെറ അടുക്കൽനിന്നും ചില സഹോദരന്മാർ അവിടെ വന്നപ്പോൾ അവരെ ഭയപ്പെട്ടു സദ്യയിൽ നിന്നും മാറിനില്ക്കുകയും മറ്റു യഹൂദന്മാരും കപടം കാണിക്കുവാൻ ഇടയാക്കുകയും ചെയ്തു. ഈ സന്ദർഭമാണ് ഗലാത്യ ലേഖനത്തിൽ പൗലോസ് വിവരിക്കുന്നത്. എന്നാൽ, അന്ത്യോക്ക്യയിൽ വച്ചു പൗലോസും ബർന്നബാസും തമ്മിൽ പിരിഞ്ഞുപോയി എന്നു പറയുന്നതേയില്ല. അവിടെവച്ചാണു പിരിഞ്ഞതെങ്കിൽ പത്രോസിനോടൊപ്പം ബർന്നബാസും യരുശലേമിലേക്കു പോകുമായിരുന്നു. പക്ഷെ, അതുണ്ടായില്ലല്ലോ. എന്നാൽ, പൗലോസും ബർന്നബാസും തമ്മിൽ പിരിയാനുണ്ടായ യഥാർത്ഥ കാരണം അപ്പൊസ്തല പ്രവൃത്തികളിൽ ലൂക്കോസ് വിവരിക്കുന്നതാണ്. പൗലോസും ബർന്നബാസും അന്ത്യോക്ക്യയിൽ വളരെ നാൾ പാർത്തു സുവിശേഷപ്രവർത്തനം നടത്തി. അനന്തരം മുമ്പു തങ്ങൾ പ്രവർത്തിച്ച സഭകളിൽ ഒരിക്കൽകൂടി സന്ദർശനം നടത്താൻ തീരുമാനിക്കുമ്പോൾ മർക്കോസിനെക്കൂടെ കൂടെ കൊണ്ടു പോകാൻ ബർന്നബാസ് ഇച്ഛിച്ചു. പക്ഷെ, പ്രവർത്തനത്തിനിടെ ഉത്തരവാദിത്തബോധമില്ലാതെ മുമ്പു പംഫുല്യയിൽ വച്ചു മടങ്ങിപ്പോന്നവനെ പിന്നെയും കൂടെ കൊണ്ടുപോകാൻ പൗലോസ് തയ്യാറായില്ല. അതു യോഗ്യമല്ലെന്നു പൗലോസ് വാദിച്ചു. എന്നാൽ, മച്ചുനനായ മർക്കോസിനെ ഉപേക്ഷിക്കാൻ ബർന്നബാസ് തയ്യാറല്ലായിരുന്നു. അതിനാണ് അവർ തമ്മിൽ വാദം നടന്നത്. അവിടെ വച്ചു അവർ പിരിഞ്ഞുവെങ്കിലും പിന്നീടും പൗലോസും മർക്കോസും തമ്മിൽ ഒന്നുചേരുന്നുണ്ട്. “എൻെറ സഹബദ്ധനായ അരിസ്തർഹൊസും ബർന്നബാസിൻെറ മച്ചുനനായ മർക്കോസും- അവനെക്കുറിച്ചു നിങ്ങൾക്കു കല്പന കിട്ടീട്ടുണ്ടല്ലോ; അവൻ നിങ്ങളുടെ അടുക്കൽവന്നാൽ അവനെ കൈക്കൊൾവിൻ- യുസ്തോസ് എന്നു പറയുന്ന യേശുവും നിങ്ങളെ വന്ദനം ചൊല്ലുന്നു. (കൊലോസ്യർ4: 10,11)

**“ജാതികൾക്കു ന്യായപ്രമാണത്തിൽ കൊടുത്ത ഇളവു യാക്കോബ് പിൻവലിക്കുന്നു.**

യരുശലേമിൽ നടന്ന ചർച്ചയുടെ പൂർത്തീകരണമായിരുന്നു കേഫാവിൻെറ അന്ത്യോക്ക്യയിലേക്കുള്ള വരവ്. ന്യായപ്രമാണത്തിൽ ഇളവുകൊടുക്കണമെന്നു പറഞ്ഞ പൗലോസ്, തൻെറ തനി സ്വഭാവം വിജാതീയരുടെ അടുക്കൽ എടുക്കുന്നതു

യേശുശിഷ്യനായ പത്രോസ് നേരിട്ടു മനസ്സിലാക്കി. തിരുവെഴുത്തുകളെക്കുറിച്ച് തികച്ചും അജ്ഞരായ വിജാതീയരെ തൻെറ അധികാരത്തിൻകീഴിൽ നിർത്താൻ, അബ്രഹാമിയെും ദൈവത്തേയും യേശുവിനെയും ദുർവ്യാഖ്യാനിച്ച്, വാഗ്ദത്തപ്രകാരം നീങ്ങിപ്പോയതാണ് ന്യായപ്രമാണം എന്നു തെറ്റിദ്ധരിപ്പിച്ച പൗലോസിൻെറ പുതിയസുവിശേഷം, പത്രോസ് വഴിയാണ് യരുശലേം അറിയുന്നത്. ന്യായപ്രമാണത്തിൽ നിന്നും ഇളവു മേടിച്ചു കൊണ്ടുവന്ന പൗലോസ്, എന്തു ഉപദേശമാണ് അവിടെ നല്കുന്നത് എന്നറിയുന്നതിനു വേണ്ടി യരുശലേം സഭയുടെ മൂപ്പനായ യാക്കോബ് അയച്ച യേശുശിഷ്യനാണ് പത്രോസ്. പൈശാചിക പ്രബോധനം നടത്തുന്ന പൗലോസിനെ തിരിച്ചറിഞ്ഞ യാക്കോബ് തൻെറ സന്ദേശവുമായി കുറച്ച ആളുകളെ അന്ത്യോക്ക്യയിലുള്ള പത്രോസിൻെറ അടുത്തേക്കു അയച്ചു. ക്രിസ്തുമാർഗ്ഗികളുടെ മൂപ്പനായ യാക്കോബിൻെറ തീരുമാനം പത്രോസ് വിജാതീയ സഭയെ അറിയിച്ചു. യഹൂദന്മാരായ ഞങ്ങൾ മാത്രമല്ല, യേശുവിൻെറ മാർഗ്ഗം സ്വീകരിക്കുന്ന ഏതൊരാളും ന്യായപ്രമാണം അനുസരിക്കാതെ രക്ഷയില്ലായെന്നു തീർത്തു പറഞ്ഞു. അവിടെയുണ്ടായിരുന്ന മുഴുവൻ യഹൂദന്മാരും പത്രോസിനെ അംഗീകരിച്ചു. പൗലോസിൻെറ കൂട്ടുപദേശിയായിരുന്ന ബർന്നബാസ്, ക്രിസ്തുമതത്തിൻെറ നേതാക്കൾ പറഞ്ഞത് വിശ്വസിച്ചു. അങ്ങനെ പൗലോസ് ശരിക്കും ക്രിസ്തുമാർഗ്ഗികളിൽ നിന്ന് ഒറ്റപ്പെട്ടു."(യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 32-35)

ഉപശീർഷകത്തിൽ ജാതികൾക്കു നല്കിയ ഇളവു പിൻവലിക്കുന്നുവെന്നാണെങ്കിലും അക്കാര്യം ഈസാ വിശദമാക്കുന്നതേയില്ല. യരുശലേമിൽ നടന്ന ചർച്ചയുടെ പൂർത്തീകരണമായിരുന്നില്ല പത്രോസിൻെറ വരവ്. അങ്ങനെയായിരുന്നു വെന്നതിനു ബൈബിളിലാകട്ടെ ചരിത്രത്തിലാകട്ടെ യാതൊരു തെളിവുകളും നമുക്കു കണ്ടെത്താൻ കഴിയില്ല. ഈസായാകട്ടെ, യാതൊരു തെളിവും നല്കിയിട്ടുമില്ല. വിജാതീയരുടെ ദൗർബ്ബല്യം നിമിത്തം ന്യായപ്രമാണത്തിൽ ഇളവു കൊടുക്കണമെന്നു പൗലോസ് ആവശ്യപ്പെട്ടതായി ബൈബിളിലില്ല. പൗലോസിൻേറത് പുതിയൊരു സുവിശേഷമാണെന്നു പത്രോസ് ഒരിടത്തും പറഞ്ഞതായി രേഖകളില്ല. മാത്രമല്ല, നമ്മുടെ പ്രിയ സഹോദരനായ പൗലൊസും തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലോ (2പത്രോസ് 3:15) എന്നു പറഞ്ഞു പൗലോസിനെ എഴുത്തുകളെ അംഗീകരിക്കുക യാണ്ചെയ്തിട്ടുള്ളത്. 34-ാം പേജിൽ മുഹമ്മദ് ഈസാ പറയുന്നതു മുഴുവനും തെളിവുകൾ നിരത്താൻ കഴിയാത്ത കാര്യങ്ങളാണ്. അന്ത്യോക്ക്യയിൽ എന്തു നടക്കുന്നു എന്നറിയാൻ അയച്ചതാണ് പത്രോസിനെയെങ്കിൽ, യഹൂദാക്രിസ്ത്യാനികൾ അനുവദിക്കാതിരുന്ന കാര്യമെന്ന നിലക്കു അദ്ദേഹം ജാതികളോടൊപ്പം സ്നേഹസദ്യയിൽ പങ്കെടുക്കുമായിരുന്നോ? യഹൂദന്മാരായ ഞങ്ങൾ മാത്രമല്ല, യേശുവിൻെറ മാർഗ്ഗം സ്വീകരിക്കുന്ന ഏതൊരാളും ന്യായപ്രമാണം അനുസരിക്കാതെ രക്ഷയില്ലായെന്നു തീർത്തു പറഞ്ഞു എന്നു ഈസാ അവകാശപ്പെടുന്ന വാക്യങ്ങൾ എവിടെയാണ്? എന്നാൽ, അതനുസരിക്കേണ്ടതില്ലെന്നു യരുശലേം സഭ അംഗീകരിച്ച എഴുത്തു നല്കിയതിനെക്കുറിച്ച് ഈസാക്കു എന്താണ് പറയാനുള്ളത്? പൗലോസ് പൈശാചിക പ്രബോധനം നടത്തുന്നതായി യാക്കോബ് കണ്ടെത്തിയെന്നാണ് ഈസായുടെ കണ്ടെത്തൽ. അതും പത്രോസു മുഖാന്തരം. പൗലോസിൻേറത് പൈശാചിക പ്രബോധനമായിരുന്നെങ്കിൽ, "അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലൊസും തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലോ."(2 പത്രോസ് 3:15) എന്നു പത്രോസ് എഴുതാൻ തയ്യാറാകുമായിരുന്നോ? പൗലോസിനെ പ്രിയ സഹോദരനെന്നു വിളിക്കുവാൻ പത്രോസിനു കഴിയുന്നതെങ്ങനെ? പത്രോസ് ഗലാത്യർക്കും കൂടി ലേഖനമെഴുതിയപ്പോൾ എന്തുകൊണ്ടിക്കാര്യം മറന്നു കളഞ്ഞു? യാക്കോബും പത്രോസും കൂട്ടായ്മയുടെ വലംകൈ പൗലോസിന് നല്കുമായിരുന്നോ? യാക്കോബ് എന്തുകൊണ്ട് തൻെറ ലേഖനത്തിൽ പൗലോസിനെ പൈശാചിക പ്രബോധകനായി ചിത്രീകരിച്ചില്ല?

**“പൗലോസ് പത്രോസിനെ സുവിശേഷം പഠിപ്പിക്കുന്നതു ശ്രദ്ധിക്കുക.**

“യഹൂദനായ നീ, യഹൂദ മര്യാദപ്രകാരമല്ല ജാതികളുടെ മര്യാദപ്രകാരം ജീവിക്കുന്നു എങ്കിൽ, നീ ജാതികളെ യഹൂദ മര്യാദ അനുസരിപ്പാൻ നിർബ്ബന്ധിക്കുന്നതു എന്ത്? നാം സ്വഭാവത്താൽ ജാതികളിൽ നിന്നു പാപികൾ അല്ല, യഹൂദന്മാരത്രേ. എന്നാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ, ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞുകൊണ്ടു, നാമും (പൗലോസ്, പത്രോസ്) ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശു വിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ ഒരു മനുഷ്യനും നീതീകരിക്കപ്പെടുകയില്ലല്ലോ. എന്നാൽ, ക്രിസ്തുവിൽ നീതി അന്വേഷിക്കയിൽ നാമും പാപികൾ എന്നുവരികിൽ ക്രിസ്തു പാപത്തിൻെറ ശുശ്രൂഷക്കാരൻ ഏന്നോ? ഒരുനാളും അല്ല. ഞാൻ പൊളിച്ചതു വീണ്ടും പണിതാൽ, ഞാൻ ലംഘനക്കാരൻ എന്ന് എന്നെത്തന്നെ തെളിയിക്കുന്നു” ഇവിടെ എന്തിനാണ് ഒരാൾ യേശുവിൽ വിശ്വസിക്കുന്നത് എന്നു പൗലോസ് പത്രോസിനെ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, യേശുവിലൂടെ നീതീകരിക്കപ്പെട്ടു കഴിഞ്ഞ വ്യക്തി, പിന്നെയും ന്യായപ്രമാണം അനുസരിച്ചു നീതീകരണം നഷ്ടപ്പെടുത്തരുത്. ഇതാണ് പൗലോസിൻെറ ബുദ്ധിപരമായ സുവിശേഷം. (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 35,36)

ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞുകൊണ്ടു, ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ച പത്രോസ് തുടർന്നു തനിക്കു കിട്ടിയ ദർശനമനുസരിച്ച് ജാതികളോടൊത്തു അവരുടെ മര്യാദപ്രകാരം ജീവിച്ചുപോന്നു. അങ്ങനെ ജീവിച്ചിട്ടു യഹൂദന്മാർ വന്നപ്പോൾ അവരുടെ അപ്രീതി ഉണ്ടാകുമെന്നു ധരിച്ച് മാറിനിന്നതിനെ പൗലോസ് കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് യേശുവിൽ വിശ്വസിക്കുവാൻ ഇടയായ ഒരാൾ പിന്നീടു ന്യായപ്രമാണം അനുസരിക്കുന്നതു യുക്തമോ? യുക്തമല്ലായെന്നതാണല്ലോ യേശുവിൽ വിശ്വസിക്കുവാനുണ്ടായ കാരണം തന്നെ. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ, ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞു കൊണ്ടു, നാമും (പൗലോസ്, പത്രോസ്) ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു. ഇവിടെ രണ്ടുപേരും വിശ്വസിക്കാനുണ്ടായ കാരണം വിശദീകരിക്കുന്നതിൽ പൗലോസും, പത്രോസ് വിശ്വസിക്കാനിടയായ അതേ വസ്തുതയാലാണ് വിശ്വസിച്ചത് എന്ന കാര്യത്തെ അടിവരയിട്ടു ഉറപ്പിക്കുകയല്ലേ ചെയ്തത്. അങ്ങനെയായിരിക്കെ, ജാതികളിൽ നിന്നും വരുന്നവരെ താൻ അപൂർണ്ണമെന്നു വിശ്വസിക്കുന്ന അതേ ന്യായപ്രമാണത്തിൻെറ പ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതു അർത്ഥശൂന്യമാണെന്നു എന്തുകൊണ്ട് ഗ്രഹിക്കുന്നില്ല എന്നതാണ് പൗലോസ് ചോദിക്കുന്നത്. അത് യുക്തം തന്നെ. ദർശനം നല്കിയതിലൂടെ വ്യക്തമായ കാഴ്ചപ്പാടു ലഭിച്ചിട്ടും, യഹൂദന്മാരെ ഭയന്നു പിൻവാങ്ങി പിരിഞ്ഞു നിന്നതിനാൽ ശേഷം യഹൂദന്മാരും കപടം കാണിപ്പാൻ ഇടയായതിനെയാണ് പൗലോസ് ചോദ്യം ചെയുന്നത്. ന്യായപ്രമാണത്താലല്ല, ക്രിസ്തു വിലുള്ള വിശ്വാസത്താൽ മാത്രമേ രക്ഷപ്രാപിക്കുകയുള്ളു എന്ന വസ്തുത തന്നെയാണ് പത്രോസ് അപ്പൊസ്തലപ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ വിവരിച്ചത്. “കർത്താവായ യേശുവിൻെറ കൃപയാൽ രക്ഷപ്രാപിക്കും എന്നു നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു.” അന്ന്, നാം എന്നു പത്രോസ് പറയുമ്പോൾ പൗലോസ് അടുത്തുണ്ടായിരുന്നില്ല. എന്നാൽ, അക്കാര്യം തന്നെയാണ് പൗലോസും ഇവിടെ ആവർത്തിക്കുന്നത്. പിന്നെങ്ങനെയാണ് പത്രോസിനെ പൗലോസ് സുവിശേഷം പഠിപ്പിച്ചതാണെന്നു പറയുന്നത്. രണ്ടുപേരും പറയുന്നതിൽ പരസ്പര വൈരുദ്ധ്യം ഉണ്ടെങ്കിലല്ലേ ഈസാ പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടെന്നു ചിന്തിക്കാനാവൂ.

മിർസാഗുലാം അഹമ്മദ് ഖാദിയാനി:
ഇസ്ലാമിലെ ക്രിസ്തു വിരുദ്ധൻ
യേശുവിന്റെ കല്ലറ അഹമ്മദീയ
പ്രസ്ഥാനത്തിന്റെ കപടവാദം
ദൈവത്വത്തിന്റെ ത്രിത്വഭാവം

(The Trinitarian of the doctrine of God അഥവാ ദൈവം സത്തയിൽ ഏകനും അതേസമയം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്തങ്ങളുടെ കൂട്ടായമയുമാണ് എന്ന വസ്തുത), യേശു ക്രിസ്തുവിന്റെ ദൈവ പുത്രത്വം, അവിടുത്തെ കുരിശുമരണം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ ക്രൈസ്തവ -ഇസ്ലാം കാഴ്ചപ്പാടുകൾ തമ്മിൽ അതീവ ഗൗരവതരമായ വ്യത്യാസങ്ങൾ നിലവിലുണ്ടെങ്കിലും യഥാർത്ഥ മിശിഹായും ദൈവദൂതനും അല്ലാഹുവിന്റെ പ്രീതിപാത്രവുമായി ഖുർആൻ ചൂണ്ടിക്കാട്ടുന്ന ഈസാ നബിയുടെ പ്രത്യേകതകൾ മുസ്ലിങ്ങളെ എന്നും ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. ഇതര പ്രവാചകൻമാർക്കൊന്നു മില്ലാത്ത സവിശേഷതകൾ ഇവർ ഈസയിൽ കാണുന്നു. അവൻ മശിഹായും ദൈവത്തിൽ നിന്നുള്ള വചനവും മറിയത്തിന്റെ ഉദരത്തിൽ ശിശുവായി രൂപംകൊണ്ട ദൈവാത്മാവായിരുന്നുവെന്ന് ഖുർആൻ നിസംശയം ഉദ്ഘോഷിക്കുന്നു. (അന്നിസാഅ്4/171) അവന്റെ ജനനം പുരാണമായും പൂർണ്ണമായും ദൈവിക പദ്ധതിയിൽപ്പെട്ടദിവ്യ ജനനമായിരുന്നു. ഇക്കാര്യം മാലാഖമാർ വഴി അല്ലാഹു നേരത്തെ തന്നെ മറിയത്തെ അറിയിക്കുന്നുണ്ട് (ആലു ഇംറാൻ (സൂറ 3) 45-49)

പുരുഷ സ്പർശമേൽക്കാതെ കന്യകയായ മറിയത്തിൽ നിന്ന് ദൈവഹിതപ്രകാരം ഈസ ജനിച്ചുവെന്നാണു മുകളിൽ സുചിപ്പിക്കപ്പെട്ട സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. ജനനവേള മുതൽ തന്നെ ആ ശിശു ദൈവികജ്ഞാനങ്ങൾ നിറഞ്ഞവനും അത്ഭുതങ്ങൾ ചെയ്യുവാൻ പ്രാപ്തനുമായിരുന്നു. തൊട്ടിയിൽ കിടന്ന ആ പിഞ്ചുകുഞ്ഞ് തന്റെ മാതാവിന്റെ കന്യകാത്വം ജനങ്ങളുടെ മുമ്പാകെ ഉറപ്പിച്ചു പറഞ്ഞ് അവരെ അത്ഭുതപ്പെടുത്തി. (മർയം19/30-33) ബാലനായിരിക്കെ കളിമണ്ണുകൊണ്ട് പക്ഷിയെ മെനഞ്ഞ് പ്രാണൻ നല്കി പറപ്പിക്കാൻ ഈസയ്ക്ക് കഴിഞ്ഞിരുന്നു. അന്ധനെയും പാണ്ഡുരോഗിയെയും അവൻ സുഖമാക്കി. മരിച്ചവരെ ജീവിപ്പിച്ചു. നിരന്തരം ദൈവത്തെ സ്തുതിക്കാൻ തന്റെ ശിഷ്യന്മാരെ അവൻ പഠിപ്പിച്ചു. ആകാശത്തു നിന്നു അവൻ ഭക്ഷണത്തളികയിറക്കി. അവൻ ജനത്തെ തൃപ്തരാക്കി.(അൽമ ഇദ; 5/109116). അവൻ യഹൂദന്മാരുടെ കുതന്ത്രങ്ങളിൽപെട്ടു കൊല്ലപ്പെടാതെ ജീവനോട് സ്വർഗത്തിൽ അല്ലാഹുവിന്റെ സവിധത്തിലെക്കുയർത്തപ്പെട്ടു. അവിടെ ഇന്നും ജീവിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ, തന്നിൽ വിശ്വസിച്ചവർക്ക് അവൻ ദൈവതിരുമുൻപിൽ സാക്ഷിയായിരിക്കും.

ഈ ഖുർആൻ വചനങ്ങളിൽ നിന്നു വെളിവാകുന്ന ഈസ ഒരു മനുഷ്യനെയോ പ്രവാചകനെയോകാൾ വളരെ ഉന്നതനാണെന്ന് ഇസ്ലാമികസമൂഹം പൊതുവെ അംഗീകരിച്ചു പോന്നു. ഈ യാഥാർത്ഥ്യം ഇസ്ലാമിലെ ചില കപടവാദികളെ അമ്പരപ്പിക്കുകയും ഭയപ്പെടുത്തുകയും അരിശംകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഈസാ നബി ഒരു സാധാരണ മനുഷ്യപ്രവാചകനെക്കാൾ ഉയർന്ന നിസ്തുല്യനായ ദിവ്യ പുരുഷനാണെന്നു വരുന്നത് (അത് തങ്ങളുടെ വേദ ഗ്രന്ഥം മുഖേന അല്ലാഹു അരുളിച്ചയ്തതാണെങ്കിൽ പോലും) അംഗീകരിക്കാനാവില്ലെന്നു ചില മുസ്ലിംകൾ വാദിച്ചു. അവരുടെ നായകനായിരുന്നു 1835 ൽ പഞ്ചബിലെ ഖാദിയാൻ ഗ്രാമത്തിൽ പാർസി വംശജനായി ജനിച്ച

മിർസാ ഗുലാം അഹമ്മദ്.

ഈസാ(യേശു) സ്വർഗത്തിൽ ദൈവസന്നിധിയിൽ ജീവിച്ചിരിക്കുന്നുവെന്നും അന്ത്യവിധിനാളിൽ വീണ്ടും ഭുമിയിൽ ആഗതനായി ജനത്തെ ന്യായം വിധിക്കും എന്നുമാണ് പരമ്പരാഗത ഇസ്ലാമിക വിശ്വാസം എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇത് ഖുർ-ആനിലും പാരമ്പ്യങ്ങളിലും (ഹദ്ദീസുകൾ) നിന്ന് മുസ്ലിം വിശ്വാസികൾക്ക് പകർന്നുകിട്ടിയ ബോധ്യമാണ്. ബഖാരി, മുസ്ലിം എന്നി ഹദ്ദീസ് സമാഹാരകർത്താക്കൾ ഇങ്ങനെ സൂചിപ്പിക്കുന്നു. "അബുഹുറൈറെ നിവേദനം = നബി (സ) അരുളി: "എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവാണ് നിത്യം. മർയമിന്റെ പുത്രൻ നീതിയും ന്യായവും നടപ്പിൽ വരുത്തിക്കൊണ്ട് നിങ്ങളിൽ വന്നിറങ്ങും" ഈ നബി വചനത്തെക്കുറിച്ച് അബുഹുറൈറെ ഇങ്ങനെ പറയുന്നു. "നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഈ ആയത്ത്, പിൻബലമായി ഓതിക്കൊള്ളുവിൻ. വേദക്കാരിൽ ആരും അദ്ദേഹത്തിന്റെ (ഈസാ നബി) മരണത്തിനു മുമ്പായി അദ്ദഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല."(4/159).

അന്ത്യനാളുകളിൽ വിധിയാളായി മിശിഹ (ഈസാ മസീഹ്) രണ്ടാമതും ഭൂമിയിൽ ആഗതനാവുമെന്നും

തന്നിൽ വിശ്വസിച്ചവർക്കുവേണ്ടി ദൈവതിരുമുമ്പിൽ സാക്ഷ്യംവഹിച്ച് അവർക്കെല്ലാം നിത്യസ്വർഗ്ഗം പ്രധാനം ചെയ്യുമെന്നുമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മാത്രമല്ല, യേശുവിനെ പിമ്പറ്റുന്നവരാണ്

നിത്യമായി വിജയികൾ എന്നും അവർ പുനരുത്ഥാന നാൾവരെയും മഹത്വമാർന്നു വിരാജിക്കുമെന്നും അവനെ (യേശുവിനെ) നിഷേധിച്ചവർ പരാജയപ്പെടുമെന്നും ഖുർ-ആൻ പ്രസ്താവിക്കുന്നുണ്ട്(സൂറ 3/55). യേശുവിന്റെ നിസ്തുല്യതയെ വിവരിക്കുന്ന ഖുറാനിക പ്രസ്താവനകളിൽ ആകൃഷ്ടരായ ഒട്ടേറെ പ്രമുഖ മുസ്ലിം പണ്ഡിതർ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ യേശുവിനെക്കുറിച്ച് കൂടുതലറിയാൻ ബൈബിൽ വിശദമായി പഠിക്കുകയും പൂർണജ്ഞാനം ഗ്രഹിച്ച് അവനെ രക്ഷകനും നാഥനുമായി സ്വികരിക്കാനും തയാറായി. സഫ്ദൂർ അലി, വാറിത്തുദ്ദിൻ, വിലായ അലി (ഡൽഹി), ഇമാം ഇമാസിഎന്ന ഇമാമുദ്ദീൻ(കൽക്കട്ട), സലാമത്ത് അലി ഖാൻ (ആഗ്ര) തുടങ്ങിയവർ അവരിൽപെടുന്നു. യേശുവിനെ സംബന്ധിച്ച ഖുറാനിക വിശേഷണങ്ങളുടെ അല്ലാഹുവിൽ നിന്നുള്ള വചനം (സൂറ 3/39,45,64,4/171) അവങ്കൽ നിന്നുള്ള ആത്മാവ് (4/171), പരുശുദ്ധ പുത്രൻ (19/19) മനുഷ്യ കുലത്തിനുള്ള അല്ലാഹുവിന്റെ യഥാർഥ അടയാളം (അയാത്തൊള്ള) 19/21, 21/91, 23/50 അല്ലാഹുവിന്റെ കാരുണ്യം (അൽ റഹ്മത്ത്) (19/21), ഇഹത്തിലും പരത്തിലും അനുഗ്രഹീതൻ (19/21), തുടങ്ങിയവ യഥാർഥ അർഥം അവിടത്തെ നിസ്തുല്യത ഉയർത്തിക്കാട്ടുന്നുണ്ടെന്ന് അവർ തുറന്നു പറഞ്ഞു. ഇത് മിർസയെ വിറളിപിടിപ്പിച്ചു.

യേശുവിനെ ഇതര പ്രവാചകന്മാരെക്കാൾ (പാപക്കറയേശാത്ത ഏക പ്രവാചകനായി ഖുർ അൻ വിശേഷിപ്പിക്കുന്നത് യേശുവിനെമാത്രമാണ്) ഉയരെ പ്രതിഷ്ഠിക്കുന്ന ഖുർ ആൻ വാക്യങ്ങൾ തന്നെയാണ് പലരും സ്വന്തം മതം വിട്ടുപോകാൻ കാരണമായതെന്നു തിരിച്ചറിഞ്ഞ മിർസ പരിഹാസമായി കണ്ടത് പ്രസ്തുത ഖുറാൻ വാക്യങ്ങളുടെ അർത്ഥം തന്നെ തിരുത്തിയെഴുതുക എന്നതായിരുന്നു. യേശുവിന്റെ നിസ്തുല്യതയെ ഇകഴ്ത്തിക്കാട്ടുന്നതിലൂടെ ഇസ്ലാമിനെ തകർച്ചയിൽ നിന്നു രക്ഷിച്ചെടുക്കാമെന്നു ഗുലാംഅഹമ്മദ് ഖാദിയാനി കരുതി. മിർസ തന്റെ കപടവാദങ്ങൾക്കു രൂപംകൊടുത്ത പശ്ചാത്തലത്തെക്കുറിച്ച് ക്രൈസ്തവ ഗ്രന്ഥകാരനായ ഡാനിയേൽ ജെ. സിക്കിന്റെ Refutation of the fabrication of the AntiChrists എന്ന പഠനം വിലപ്പെട്ട വിവരങ്ങൾ നല്കുന്നുണ്ട്.

ഖുർ ആൻ വ്യാഖ്യാനത്തിൽ താൻ നടത്തുന്ന തിരുത്തിയെഴുത്തുകൾ പരമ്പരാഗത ഇസ്ലാമിക നിലപാടുകളെയും പലപ്പോഴും ഖുറാനെത്തന്നെയും നിഷേധിക്കുന്നതാണെന്ന വസ്തുതപോലും അവഹണിച്ച് ഇസ്ലാമിൽ ഒരു ക്രിസ്തുവിരുദ്ധ പ്രസ്ഥാനം (Anti-Christ Movement in Islam) വളർത്തിയെടുക്കാൻ മിർസ അരയും തലയും മുറുക്കി രംഗത്തിറങ്ങി. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെന്ന നിലപാടായിരുന്നു മിർസായുടേത്. ഹെന്റിച്ച് പൗലോസിനെപ്പോലുള്ള ചില പാശ്ചാത്യ നിരിശ്വരൻമാരുടെ നിലപാടുകളെ ആസ്പദമാക്കി സർ സയ്യദ്

**ശേഷം** 28-ാം പേജിൽ

8-ാം പേജിൽ നിന്നും തുടർച്ച..
കാണിക്കാൻ പ്രേരിപ്പിച്ചുവെന്നതിന്റെ പിന്നിലുള്ള ചേതോവികാരമെന്താണ്? ഉത്തരം തരേണ്ടത് ശ്രീ. അക്ബറാണ്.

ദൈവപ്രസാദം ലഭിച്ച ഒരു വ്യക്തി തന്റെ ജീവിതത്തിൽ ഒരിക്കൽപോലും തെറ്റു ചെയ്യാതവണ്ണം യന്ത്രമനുഷ്യനോടു സമനാകുകയല്ല മറിച്ച്, സ്വന്ത ഇച്ഛാശക്തി സ്വതന്ത്രമായി പ്രയോഗിക്കത്തക്ക വിധം സ്വാതന്ത്ര്യത്തോടെ തന്നെയാണ് ആ വ്യക്തിയെ തത്സ്ഥാനത്ത് നിർത്തിയിരിക്കുന്നത്. ദൈവേഷ്ടം തിരിച്ചറിഞ്ഞ് ദൈവവചനം അനുസരിച്ച് ജീവിക്കുകയാണ് ഉത്തമം. അതാണു ദൈവിക ഉദ്ദേശ്യം. ശ്രദ്ധയില്ലാതെ ഒരാൾ ജീവിതം നയിച്ചാൽ പ്രവാചകനായാലും ജീവിതത്തിൽ പരാജയമടയും. അപ്രകാരം പരാജയപ്പെട്ടവരുടെ ജീവിതവും ബൈബിൾ വെളിപ്പെടത്തുന്നുണ്ട്. വിശുദ്ധന്മാരുടെ ജീവിതത്തിൽ വന്നുപെടാൻ സാദ്ധ്യതയുള്ള പരാജയങ്ങളെ മനസ്സിലാക്കുവാനും ഒരു ഭക്തന്റെ ജീവിതം വഴിതെറ്റിപ്പോകാതിരിക്കുവാനും ഗുണപാഠമായിട്ടു അവയെ കണ്ട് ജയജീവിതം നയിക്കുവാനും ഉള്ള സോദ്ദേശ്യം ദൈവമനുഷ്യരുടെ ജീവിതപരാജയങ്ങളുടെ കഥനത്തിൽ ഉണ്ട്.

ശലോമോൻ പില്ക്കാലങ്ങളിൽ വിഗ്രഹസേവ നടത്തുവാൻ തക്കവണ്ണം തന്റെ ഭാര്യമാർ തന്നെ വശീകരിച്ചു. പരിണിത ഫലമോ? ശലോമോൻ നീതിമാന്മാരുടെ പട്ടികയിൽ നിന്നും തള്ളപ്പെട്ടു. ശലോമോന്റെ വ്യതിചലനം വിശ്വാസികൾക്ക് മാതൃകയായിട്ടല്ല പ്രത്യുത, അദ്ദേഹത്തിന്റെ ദയനീയമായ അന്ത്യം ഓർത്ത് ദൈവകല്പനക്കു വിധേയപ്പെട്ട് ഭക്തിയോടെ ജീവിക്കുവാനുള്ള മുന്നറിയിപ്പാണ് ബൈബിൾ നല്കുന്നത്. ദാവീദിന്റെ ജീവിതത്തിലും പരാജയം സംഭവിച്ചു. ദൈവം ദാവീദിനെ ശിക്ഷിച്ച ചരിത്രവും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദിന്റെയോ മറ്റാരുടെയെങ്കിലുമോ യാതൊരു ദുഷ്പ്രവർത്തികളെയും ബൈബിൾ ന്യായീകരിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിൽപെട്ട പരാജയ കഥകൾ ബൈബിൾ വിശ്വാസികൾ തങ്ങളടെ ജീവിതത്തിൽ അനുവർത്തിക്കുന്നില്ല. അവ തങ്ങൾ അനുകരിച്ചിരുന്നുവെങ്കിൽ, ബൈബിൾ നന്മ പഠിപ്പിക്കുന്നില്ല എന്ന വാദത്തിൽ കഴമ്പുണ്ടെന്നു കരുതാമായിരുന്നു. പക്ഷെ, ഇത്തരം കഥകളുണ്ടായിട്ടും അവരത് അനുകരിക്കുന്നില്ല എന്നതു തന്നെ ബൈബിൾ നന്മ പഠിപ്പിക്കുന്നു എന്നതിനു മതിയായ തെളിവല്ലേ? ഒരു വേദഗ്രന്ഥത്തിന്റെ ഉദ്ദേശ്യശുദ്ധിയായി അക്ബർ ചൂണ്ടിക്കാണിച്ച ഗുണം ബൈബിളിനുണ്ടെന്നുള്ളത് വ്യക്തമല്ലേ? അപ്പോൾപ്പിന്നെ അക്ബറിന്റെ വാദം ബൈബിളിനെതിരെ മനഃപൂർവ്വം ഉന്നയിച്ച ദുരാരോപണമല്ലേ?

▪



പ്രതിവാദം

സി.ഡി.വർഗീസ്

# നരകം

**ചോദ്യം:** "നരകം" എന്ന പദം പല ബൈബിൾ ഭാഷാന്തരങ്ങളിലുംകാണ പ്പെടുന്നു. അതേ വാക്യത്തിൽ മററു ചില ഭാഷാന്തരങ്ങളിൽ "ശവക്കുഴി" എന്നും "മരിച്ചവരുടെ ലോകം" എന്നും മററും നാം വായിക്കുന്നു. മരിച്ചവർക്ക് വേദന അനുഭവിക്കാൻ കഴിയില്ലെന്നു ബൈബിൾ സൂചിപ്പിക്കുന്നു. (സഭാ.9:5,10, സങ്കീ.146:4). നീതിമാന്മാരും നരകത്തിലേക്ക് പോകുമെന്നു ബൈബിൾ പറയുന്നു. (ഇയ്യോബ് 14:13). ഇതൊക്കെ സൂചിപ്പിക്കുന്നത് നരകം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ശവക്കുഴി എന്നാണെന്നല്ലേ?

**ഉത്തരം:** ബൈബിളിൽ നരകം എന്ന പദത്തിന് ഉപയോഗിച്ചിരിക്കുന്നത്, "ഷിയോൾ" എന്ന എബ്രായ പദവും അതിനു തുല്യമായ "ഹേയ്ഡീസ്" എന്ന ഗ്രീക്കു പദവുമാണ്. കൂടാതെ, നിതൃനാശം എന്ന അർത്ഥം ദ്യോതിപ്പിക്കുന്നതിന് "ഗീയെന്ന" (ഗീഹെന്ന) എന്ന ഗ്രീക്കു പദവും വേദപുസ്തകത്തിൽ കാണാം. ഷിയോൾ എന്ന എബ്രായ പദം നരകം, കുഴി, ശവക്കുഴി, പാതാളം എന്നിങ്ങനെയും ഹേയ്ഡീസ് എന്ന ഗ്രീക്കുപദം നരകം, ശവക്കുഴി, പാതാളം എന്നിങ്ങനെയും വിവർത്തനം ചെയ്തി രിക്കുന്നു. ഗീയെന്ന എന്ന ഗ്രീക്കു പദംനരകം എന്നാണ് തർജ്ജമ ചെയ്തിരി ക്കുന്നത്. കൂടാതെ, അബദ്ദോൻ എന്ന എബ്രായ പദം നരകം എന്നും അബുസ്സോസ് എന്ന യവന പദം അഗാധകൂപം എന്നും വിവർത്തനം ചെയ്തിട്ടുണ്ട്. ഒരേ പദം വിവിധ അർത്ഥത്തിൽ തർജ്ജമ ചെയ്തിരിക്കു ന്നതാണല്ലോ പ്രതിസന്ധി ഉടലെടുക്കാ നുണ്ടായ സാഹചര്യം. സന്ദർഭമനുസരിച്ചു മാത്രമാണ് അപ്രകാരം വിവർത്തനം ചെയ്തിട്ടുള്ളത്. ചില സന്ദർഭങ്ങളിൽ നരകത്തെയാണോ ശവക്കുഴി യെയാണോ കുറിക്കുന്നതെന്ന് നിശ്ചയിക്കുവാൻ വിവർത്തകർക്ക് വിഷമം നേരിട്ടിട്ടുണ്ട്. പക്ഷെ ബൈബിളിന്റെ ആശയ വ്യക്തതയ്ക്കു കോട്ടം തട്ടുവാൻ അവയൊന്നും ഇടയാക്കിയിട്ടില്ല. നരകത്തെക്കുറിച്ച് വ്യക്തമായചിത്രം ബൈബിൾ നമുക്കു തരുന്നുണ്ട്. നീതിമാന്മാരും നരകത്തിലേക്ക് പോകുമെന്നു ബൈബിൾ പറയുന്നുവെന്നതിനാൽ നരകമില്ലെന്നു ചിന്തിക്കുന്നത് ശരിയാണോ? "ബാലനു ശിക്ഷ കൊടുക്കാതിരിക്കരുത്; വടികൊണ്ടു അടിച്ചാൽ അവൻ ചത്തുപോകയില്ല. വടികൊണ്ടുഅവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽ (ഷിയോൾ) നിന്നു വിടുവിക്കും." (സദൃശ. 23:13,14). ഇവിടെ, വടി കൊണ്ടു അടിക്കുന്നതിനാൽ പ്രാണനെ ഷിയോളിൽ നിന്നു വിടുവിക്കും എന്നു നാം വായിക്കുന്നു. അത് ശവക്കുഴിയെയാണ് അർത്ഥമാക്കുന്ന തെന്നു ചിന്തിച്ചാൽ ഒരു പ്രശ്നത്തിനു കൂടി മറുപടി നല്കേണ്ടതായി വരും. വടി കൊണ്ടു അടിച്ചാലും ഇല്ലെങ്കിലും അവൻ മരിക്കുമ്പോൾ

ശവക്കുഴിയിൽ ചെല്ലുമെന്നത് ഉറപ്പല്ലേ അടി കിട്ടാത്തവനും അടി കൊണ്ടവനും എല്ലാം ശവക്കുഴിയിൽ പോകുമെന്നത് വാസ്തവമായിരിക്കെ അടിക്കുന്നതിനാൽ ഷിയോളിൽ (ശവക്കുഴി) നിന്നു വിടുവിക്കുമെന്ന് പറയുന്നതിൽ എന്തു അർത്ഥമാണുള്ളത് അപ്പോൾപ്പിന്നെ ഈ വാക്യം എന്താണർത്ഥമാക്കുന്നത് ശവക്കുഴി എന്നോ കുഴി എന്നോ ഒക്കെ ചില സ്ഥലങ്ങളിൽ തർജ്ജമ ചെയ്തതുകൊണ്ട് പാതാളമെന്നു പറയുന്നത് വെറും ശവക്കുഴി അല്ലെന്നു തന്നെയല്ലേ "അവളുടെ വീടു പാതാളത്തിലേക്കുള്ള വഴിയാകുന്നു" (സദൃശ.7:27). മരണത്തോടെ എല്ലാ സ്ത്രീകളും ശവക്കുഴിയിൽ തന്നെയല്ലേ എത്തുന്നത് പിന്നെയെന്തിനാണ് പരസ്ത്രീയുടെ വീടിനെക്കുറിച്ച് എടുത്ത് പറൗഫ് ഉപദേശിക്കുന്നത് കാരണം, അവളുടെ വഴി നാശവും അതിന്റെ അന്ത്യം നിത്യനരകത്തിനു യോഗ്യവും ആണെന്നു തന്നെയാണ് അത് അർത്ഥമാക്കുന്നത്.

നരകത്തെക്കുറിച്ച് ഏറ്റവും അധികം മുന്നറിയിപ്പ് നല്കിയിട്ടുള്ളത് യേശുക്രിസ്തു ആണ്. മത്തായി 10:28, ലൂക്കോസ് 12:5 എന്നീ വാക്യങ്ങളിൽ യേശുക്രിസ്തു അരുളിച്ചെയ്തത്: "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ ഭയപ്പെടുവിൻ....." ദേഹം കൊലചെയ്യപ്പെട്ടാലും ദേഹി കൊലചെയ്യപ്പെട്ടാലും പോകുന്നത് ശവക്കുഴിയി (ഹേയ്ഡീസ്)ലേക്കാണെന്നിരിക്കെ ഈ പ്രസ്താവനയുടെ ആവശ്യമെന്ത് മത്തായി 23:13-15, മത്തായി 23:29-33, മത്തായി 5:29-30, 18:9, മർക്കോസ് 9:41-47 മത്തായി 5:22, മത്തായി 25:41-46 തുടങ്ങി നിരവധി വാക്യങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിട്ടുള്ളവ കൂടി വായിക്കുക. ഇവയൊന്നും ശവക്കുഴിയെയല്ല അർത്ഥമാക്കുന്നതെന്നുള്ളത് സ്പഷ്ടമല്ലോ. "നരകം" എന്ന പദം നരകം, കുഴി, ശവക്കുഴി, പാതാളം എന്നൊക്കെ വിവർത്തനം ചെയ്തത് അതിന്റെ ശരിയായ അർത്ഥത്തിൽ അവസരോചിതമായിത്ത ന്നെയാണ്. മരിച്ചവർക്ക് വേദന അനുഭവിക്കാൻ കഴിയില്ലെന്ന ബൈബിൾ പഠിപ്പിക്കുന്നില്ല. സഭാപ്രസംഗി പറയുന്നത് സൂര്യനു കീഴെയുള്ള ഒന്നും മരിച്ചവർക്ക് അറിയാനാവുന്നില്ല എന്നാണ്. "ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു; മരിച്ചവരോ ഒന്നും അറിയുന്നില്ല......സൂര്യനു കീഴെ നടക്കുന്ന യാതൊന്നിലും അവർക്ക് ഇനി ഒരിക്കലും ഓഹരിയില്ല."(സഭാപ്ര.9:5,6).സങ്കീർത്തന ക്കാരൻ പറയുന്നതും മരിക്കുന്നവന്റെ ബൗദ്ധീക കണക്കുകൂട്ടലുകൾ അന്നുതന്നെ അവസാനി ക്കുന്നു എന്നാണ്. അല്ലാതെ, അവന്റെ ആത്മാവിനു ദൈവത്തിന്റെ ശിക്ഷ അനുഭവിപ്പാൻ സാദ്ധ്യമല്ല എന്നല്ല. മരിച്ചുപോയവരുടെ ആത്മാക്കൾക്ക് വേദന അനുഭവപ്പെടുമെന്നു ബൈബിൾ പഠിപ്പിക്കുന്നു. ലൂക്കോസ് 16:23,24 വാക്യങ്ങൾ. ധനവാനായ മനുഷ്യൻ നരകയാതന അനുഭവിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. സാദ്ധ്യതയില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് യേശുക്രിസ്തു ഒരിക്കലും പരാമർശിക്കുകയില്ല. "പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ.....ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു....." "പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകുകയില്ല." എന്നു വെളിപ്പാടു പുസ്തകവും സാക്ഷിക്കുന്നു ( വെളി.14:11). മത്തായി 13:41,42,49,50, യെശയ്യാവ് 33:14 തുടങ്ങിയ വേദഭാഗങ്ങൾ കൂടി വായിക്കുക. നിരവധി വാക്യങ്ങൾ ഇതോടു ബന്ധപ്പെടുത്തി ബൈബിളിൽ നിന്നും ഉദ്ധരിക്കുവാനും വിശദീകരിക്കുവാനും ഉണ്ടെങ്കിലും സ്ഥലപരിമിതി മൂലം ചുരുക്കുന്നു.

## പ്രകാശ സ്രോതസ്സുകൾ ഉണ്ടാകുന്നതിനു മുമ്പ് പ്രകാശം.

പ്രകാശ സ്രോതസ്സുകളായ സൂര്യനും നക്ഷത്രങ്ങളുമെല്ലാം സൃഷ്ടിക്കപ്പെട്ടത് നാലാം ദിവസമാണെന്നാണ് ഉല്പത്തി പുസ്തകം (1:14-19) പറയുന്നത്. എന്നാൽ പ്രകാശമാകട്ടെ ഒന്നാം ദിവസം തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും (ഉല്പത്തി 1:3-5) പറയുന്നു. പ്രകാശ സ്രോതസ്സില്ലാതെ എങ്ങനെയാണ് പ്രകാശമുണ്ടായതെന്ന പ്രശ്നം ബൈബിൾ വ്യാഖ്യാതാക്കൾക്ക് തലവേദന ഉണ്ടാക്കുന്നതല്ലേ സൂര്യനും നക്ഷത്രങ്ങളും മാത്രമാണ് പ്രകാശ സ്രോതസ്സുകളെന്നു ശാസ്ത്രം തീർത്തും സമ്മതിച്ചിട്ടുണ്ടോ?

ഇവയൊന്നുമില്ലാതെ ഭൂമിയെ പ്രകാശിപ്പിക്കാൻ കഴിയുന്ന മൂന്നു വിധ സ്രോതസ്സുകളെക്കുറിച്ച് ബൈബിൾ പ്രസ്താവിക്കുന്നുണ്ട്.

1. ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിതമായി (വെളിപ്പാട് 18:1).

2. ദൈവതേജസ്സിനാലുള്ള പ്രകാശം (വെളിപ്പാട് 21:23).

3. യേശു ലോകത്തിന്റെ വെളിച്ചമാകുന്നു (യോഹന്നാൻ 8:12). ഇവ ശാസ്ത്രത്തിനു സ്വീകാര്യമായിക്കൊള്ളണമെന്നില്ല. ശാസ്ത്രത്തിനു നിർവ്വചിക്കാൻ കഴിയാത്ത പലതും ഭൂമിയിലുണ്ടെന്നുള്ളത് മേൽ പ്രസ്താവിക്കപ്പെട്ടവയെ നിരാകരിക്കുന്നതിൽ നിന്നും ശാസ്ത്രത്തെ തടയുന്നു. ഇവിടെ പറയപ്പെട്ട മൂന്നു കാര്യങ്ങളെയും മാറ്റിനിർത്തിയാലും ഉല്പത്തി പുസ്തകം ഒന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തപ്പെട്ട പ്രകാശസ്രോതസ്സ് ശാസ്ത്രത്തിനു അംഗീകാരയോഗ്യമായതു തന്നെയാണ്. ഭൂമിയെ സൃഷ്ടിപ്പിൽ അത് വെള്ളം മൂടിക്കിടക്കുകയായിരുന്നുവെന്നാണ് ഉല്പത്തി പുസ്തകത്തിൽ (1:2-8) കാണുന്നത്. ആഴത്തിൻ മീതെ ഇരുളുണ്ടായിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ദൈവതേജസ്സിനാലുള്ള പ്രകാശം വെള്ളത്തിനു മീതെ ഉണ്ടായിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചതായി ബൈബിൾ വ്യക്തമാക്കുന്നു. കല്പന ഊർജ്ജത്തിന്റെ ഉറവിടമായി. ഊർജ്ജത്തിൽ നിന്നു പ്രകാശകണങ്ങൾ ഉദ്ഭൂതമായി. “വെളിച്ചം ഉണ്ടാകട്ടെ” എന്ന ദൈവകല്പനയാൽ ജലത്തിൽ പരലുകൾ (crystals) പ്രത്യക്ഷമാകുകയും അവ പ്രകാശിക്കുകയും ചെയ്തു. ഈ വെളിച്ചത്തെയും ആഴത്തിൻമീതെയുണ്ടായിരുന്ന ഇരുളിനെയും തമ്മിൽ വേർതിരിച്ച് പകലും രാത്രിയുമാക്കി മാറ്റുകയായിരുന്നു ദൈവം ചെയ്തത്. ഇത് ശാസ്ത്രത്തിനു എതിരല്ല മറിച്ച്, സ്വീകാര്യമാണുതാനും. മസാറുഇമോട്ടോ (Masaru Emoto) എഴുതിയ The Hidden Messages in Water (ജലത്തിനു പറയാനുള്ളത്) എന്ന ശാസ്ത്ര സംബന്ധിയായ പുസ്തകം വായിച്ചാൽ ഇക്കാര്യം ബോധ്യമാകാവുന്നതേയുള്ളു. ശാസ്ത്രത്തിന്റെ ശൈശവാവസ്ഥയിൽ പല കാര്യങ്ങളിലും മാറ്റങ്ങളുണ്ടായതു നാം കണ്ടതാണ്. എന്നാൽ, ശാസ്ത്രം വളരുംതോറും ബൈബിളിന്റെ സത്യതയെ സാധൂകരിക്കുകയാണു ചെയ്യുന്നതെന്ന ഇക്കാര്യവും നമ്മെ ബോധ്യപ്പെടുത്തുന്നു. നവീനശാസ്ത്രശാഖകളൊന്നും തന്നെ ബൈബിളിൽ പ്രതിപാദിക്കപ്പെട്ട ശാസ്ത്രവിഷയങ്ങൾക്ക് എതിരെ ശാസ്ത്രീയ തെളിവുകളൊന്നും ഇതുവരെ നിരത്തിയിട്ടില്ല. ശാസ്ത്രം കൂടുതൽ കണ്ടുപിടുത്തങ്ങൾ നടത്തും തോറും ബൈബിളിന്റെ ആധികാരികതയ്ക്കു ഉപോത്ബലകമായ തെളിവുകൾ കണ്ടെത്തുകയാണ് ചെയ്യുന്നതെന്ന കാര്യം ആരെയും വിസ്മയിപ്പിക്കുന്നതാണ്. ബൈബിൾ പോലെ ശാസ്ത്രീയസത്യങ്ങളുമായി ഇത്രയധികം പൊരുത്തപ്പെടുന്ന മറ്റൊരു മതഗ്രന്ഥവുമില്ല.

**പ്രപഞ്ചസൃഷ്ടി.** ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിക്കപ്പെട്ടത് ആറു ദിവസങ്ങൾ കൊണ്ടാണെന്നാണ് ഉല്പത്തി പുസ്തകം പറയുന്നത്. ആറു ദിവസങ്ങൾ കൊണ്ട് പ്രപഞ്ചസൃഷ്ടി നടത്തി ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്നും പറയുണ്ട്. (ഉല്പത്തി 2:1-3). ഇരുപത്തി നാലു മണിക്കൂറുകളുള്ള ആറു ദിവസം കൊണ്ടാണ് ദൈവം പ്രപഞ്ചസൃഷ്ടി നടത്തിയതെന്നാണ് ഉല്പത്തി പുസ്തക

പറയുന്നതെന്ന അതിലെ വിവരണങ്ങൾ വായിച്ചാൽ ബോധ്യമാകും. കോടിക്കണക്കിനു വർഷങ്ങളിലൂടെയുള്ള പരിണാമങ്ങൾ നടന്നാണ് ഖഗോള വസ്തുക്കളും ഭൂമിയുമെല്ലാം ഇന്നുള്ള സ്ഥിതിയിലെത്തിച്ചേർന്നതെന്ന ആധുനിക ശാസ്ത്ര നിഗമനവുമായി ഇതു വൈരുദ്ധ്യം പുലർത്തുകയല്ലേ പ്രപഞ്ചം ആറു ദിവസങ്ങൾ കൊണ്ടല്ല സൃഷ്ടിക്കപ്പെട്ടത് എന്നു ശാസ്ത്രം തെളിയിച്ചതായി യാതൊരു രേഖകളും നിലവിലില്ല.കോടിക്കണക്കിനു വർഷങ്ങളിലൂടെയുള്ള പരിണാമങ്ങളിലൂടെയാണ് ഭൂമിയും ഖഗോള വസ്തുക്കളുമെല്ലാം ഇന്നുള്ള സ്ഥിതിയിലെത്തിച്ചേർന്നതെന്നുള്ളത് ശാസ്ത്ര സത്യമാണെന്നാണോ കരുതുന്നത്. ശാസ്ത്രം പോലും ഇക്കാര്യം നിഗമനത്തിലൊതുക്കുകയാണ് ചെയ്തിട്ടുള്ളത്. കാരണം അത് തെളിയിക്കപ്പെട്ടിട്ടില്ല എന്നതു തന്നെ. കോടിക്കണക്കിനു വർഷങ്ങളിലൂടെയുള്ള പരിണാമങ്ങളിലൂടെയാണ് ഭൂമിയും ഖഗോള വസ്തുക്കളുമെല്ലാം ഇന്നുള്ള സ്ഥിതിയിലെത്തിച്ചേർന്ന തെന്ന ശാസ്ത്ര നിഗമനം താങ്കളുടെ മതമോ മതഗ്രന്ഥമോ അംഗീകരിക്കുന്നുണ്ടോ? താങ്കൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഖുർആൻ അതിനെ നിരാകരിക്കുന്നു. ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "ആകാശവും ഭൂമിയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനാണ് അവൻ. പിന്നീട് അവൻ സിംഹാസനസ്ഥനായി." ഖുർആൻ 57:4, 50:38, 32:4, 25:59, 11:7,10:3 7:54). ഖുർആനിലെ ഈ ആയത്തുകളെ (വാക്യങ്ങളെ) അംഗീകരിക്കാൻ കഴിയാത്ത ഒരാൾ മുസ്ലീമാണെന്നു അംഗീകരിക്കുന്നതിനു ഞങ്ങൾക്കു ബുദ്ധിമുട്ടുണ്ട്. സത്യവിശ്വാസികളായ മുസ്ലീങ്ങൾക്കും ഇതേ ബുദ്ധിമുട്ടുണ്ടാകാനാണ് സാധ്യത. ഖുർആൻ ആയത്തുകൾ നമുക്കു വരച്ചുതരുന്ന ചിത്രവും പ്രപഞ്ചസൃഷ്ടി നടത്തിയ ശേഷം സിംഹാസനത്തിലിരുന്നു ദിവസം വിശ്രമിക്കുന്ന ഒരു ദൈവത്തെത്തന്നെയാണ്. ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നു. യാതൊരു ക്ഷീണവും നമ്മെ ബാധിച്ചിട്ടുമില്ല" (ഖുർആൻ 50:38) എന്നു സ്വയം ആശ്വസിക്കുകയാം ചെയ്യുന്നു. ആധുനിക ശാസ്ത്രവുമായി ഖുർആനിലെ സൃഷ്ടി ക്രമം സമരസപ്പെട്ടു പോകുന്നു എന്ന ധാരണയാവും ഇങ്ങനെയൊരു ചോദ്യം ചോദിക്കുവാൻ പ്രേരിപ്പിച്ചത് എന്നു വേണമല്ലോ കരുതുവാൻ. ഇവിടെ ഒരു സംശയം ബലപ്പെട്ടു വരുന്നു. ആധുനിക ശാസ്ത്രവുമായി സമരസപ്പെട്ടു പോകുന്നതാണ് ഖുർആനിലെ സൃഷ്ടിക്രമ മെങ്കിൽ ഇവിടെ ഉദ്ധരിരൃപ്പെട്ട ആയത്തുകൾ (വാകൃങ്ങൾ) അള്ളാഹു നടത്തിയ സൃഷ്ടിപ്പിനെക്കുറിച്ച് ആയിരിക്കുക യില്ലല്ലോ. അപ്പോൾ, അള്ളാഹു സ്വർഗ്ഗത്തിൽ ഒറിജിനൽ സൂക്ഷിച്ചിട്ടുള്ളതും മുഹമ്മദിനു ഇറക്കിക്കൊ ടുത്തതുമായ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ ആയത്തുകളിൽ "അവൻ"എന്ന സർവ്വനാമത്താൽ വിശേഷിപ്പിക്കപ്പെടുന്നത്, ആറു ദിവസങ്ങൾ കൊണ്ട് പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചുവെന്നു ബൈബിൾ വിശദീകരിക്കുന്ന യഹോവയാണെന്നു സമ്മതിക്കുകയാണല്ലോ. ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിക്കപ്പെട്ടത് ആറു ദിവസങ്ങൾ കൊണ്ടാണെന്ന ഉല്പത്തി പുസ്തകത്തിലെ വിവരണം സത്യമ തന്നെയെന്നു ഖുർആനും സമ്മതിക്കുന്നു എന്നു സാരം.

20-ാം പേജിൽ നിന്നും തുടർച്ച..

അഹമ്മദ് ഖാൻ യേശുവിന്റെ ക്രൂശികരണത്തെക്കുറി്ച്ച് നടത്തിയ അഭിപ്രായങ്ങളിൽ ആകൃഷ്ടനായ ഹക്കിം നൂർദ്ദിൻ എന്ന മൗലവിയെയും ഖാദിയാനിക്കു കൂട്ടുകിട്ടി.

കുരിശിൽ മരിക്കാതെ മയങ്ങിക്കിടന്ന യേശുവിനെ ശിഷ്യന്മാർ ഗലീലയിലേക്കു കൊണ്ടുപോയെന്നും ഏതാനും ദിവസങ്ങൾക്കു ശേഷം യേശു മരിച്ചു എന്നുമായിരുന്നു സയ്യദ് അഹമ്മദ് ഖാന്റെ വാദം.

ഈ അഭിപ്രായം തുടർന്നവർ തങ്ങളെത്തന്നെ അഹമ്മദികൾ എന്നുവിളിക്കാൻ തുടങ്ങി എന്നാൽ സൂറ 4/157158 നെ ആധാരമാക്കി യേശുക്രൂശിക്കപ്പെടാതെ അല്ലാഹുവിന്റെ പക്കലെക്കു ഉയർത്തപ്പെടുകയാണു ചെയ്തതെന്നു വിശ്വസിക്കുന്ന യാഥാസ്തിതിക മുസ്ലീം നേതൃത്വം ഇവരെ കാഫീറുകൾ എന്നും നചാരികൾ (യുക്തിവാദികൾ ) എന്നുമാണ് വിലയിരുത്തിയത്. സയ്യദ് അഹമ്മദ് ഖാന്റെ അഹമ്മദി പ്രസ്ഥാനത്തിൽ നിന്നുള്ള നാമ്പ് എന്നുവേണമെങ്കിൽ മിർസായുടെ ഖാദിയാനിസത്തെ വിശേഷിപ്പിക്കാം.

ഹക്കിം നൂറുദ്ദിന്റെ സാമ്പത്തികസഹായത്തോടെ മിർസ തന്റെ ക്രിസ്തുവിരുദ്ധ പ്രസ്ഥാനം വളർത്താൻ ശ്രമമാരംഭിച്ചു. തങ്ങളുടെ ലക്ഷ്യത്തിനുപറ്റുന്ന രീതിയിൽ കഥകൾ ചമയ്ക്കാൻ കഴിവുള്ളവരെ ഇരുവരും തേടാൻ തുടങ്ങി. 1887 ൽ ഇൻഡ്യയിലെത്തിയ നിക്കോളാസ് നോട്ടോവിച്ച് എന്ന പണക്കൊതിയനായ റഷ്യൻ സഞ്ചാരി തങ്ങൾക്കു പറ്റിയ കക്ഷിയാണെന്ന് അവർക്കു തോന്നി. ക്രൈസ്തവവിശ്വാസത്തെ താറടിക്കാനുള്ള തങ്ങളുടെ പരിശ്രമങ്ങൾക്കു സഹായകരമായ രീതിയിൽ യേശുവിന്റെ ബാല്യകാല ജീവിതത്തെക്കുറിച്ച് ഒരു വ്യാജ കഥ പഠനഗ്രന്ഥമായി പ്രസിദ്ധീകരിക്കാൻ അവർ നോട്ടോവിച്ചിനെ പ്രേരിപ്പിച്ചു. യേശു പന്ത്രണ്ടാം വയസ്സിൽ ഇന്ത്യയിൽ വന്ന് ബുദ്ധ–ജൈന–ഹൈന്ദവ കൃതികൾ പഠിച്ചു. തിരിച്ചു ചെന്നാണ് പാലസ്തീനിൽ പ്രവർത്തിച്ചതെന്നായിരുന്നു ഈ കഥ. എന്നാൽ നോട്ടോവിച്ച്, മിർസാ– ഹക്കിം കൂട്ടുകെട്ടിനെക്കാൾ കാഞ്ഞവനായിരുന്നു. കൂടുതൽ പണം ഉണ്ടാക്കാനുള്ള കുറുക്കുവഴിയായി യേശുവിന്റെ ബാല്യകാലകഥയെ കണ്ട നോട്ടോവിച്ച് തന്റെ കൃതി പ്രസിദ്ധീകരിക്കാതിരിക്കാൻ കോഴ അവശ്യപ്പെട്ടുകൊണ്ട് ഇംഗ്ലണ്ട്, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിലെ സഭാധികാരികളെ സമീപിച്ചു. എന്നാൽ ആരും വഴങ്ങിയില്ല. ഏഴുവർഷത്തോളം നോട്ടോവിച്ച് കാത്തിരുന്നു.

ദൈവജനത്തിന്റെ വിശ്വാസ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സീക്കേഴ്സ് പാത്ത്നൊപ്പം നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇത് പ്രാധാന്യമുള്ള ഒരു ശുശ്രൂഷയാണെന്നു നിങ്ങൾ ഇതിനോടകം തിരിച്ചറിഞ്ഞിട്ടുണ്ടാവുമല്ലോ. ഞങ്ങളോടൊപ്പം സഹകരിക്കുവാനും സഹായിക്കുവാനും താത്പര്യമുള്ളവർ ഓഫീസുമായി മാത്രം ബന്ധപ്പെടുക.

സി.ഡി.വർഗീസ്
പി.ഒ.ബോക്സ് നമ്പർ. 7,പുല്ലാട്. പി.ഒ.തിരുവല്ല.
പിൻ: 689548.

## പ്രത്യേക ശ്രദ്ധക്ക്....

**സീക്കേഴ്സ് പാത്ത്** നു ജില്ലകൾതോറും കമ്മീഷൻ വ്യവസ്ഥയിൽ വിതരണക്കാരെ ആവശ്യമുണ്ട്. താത്പര്യമുള്ളവരും ദൈവവേലയിൽ സമർപ്പണ മനോഭാവമുള്ളവരുമായവർ ഓഫീസുമായി ബന്ധപ്പെടുക.

സി.ഡി.വർഗീസ്
പി.ഒ.ബോക്സ് നമ്പർ.7,പുല്ലാട്. പി.ഒ.തിരുവല്ല.
പിൻ: 689548.

## ബൈബിൾ ചരിത്രവും അക്ബറിന്റെ വാദവും

സി.ഡി.വർഗീസ്



സ്നേഹസംവാദം എന്ന പേരിൽ ശ്രീ. എം. എം. അക്ബർ നടത്തി വന്നിരുന്ന സ്റ്റേജ് പ്രോഗ്രാമുകളും പ്രസിദ്ധീകരണങ്ങലും കാണുവാനും, വായിക്കുവാനും ഇടയായി. ഇത്തരം സംവാദങ്ങൾ കേരളത്തിൽ വളരെ മുമ്പേ ഉണ്ടാകേണ്ടതായിരുന്നു എന്നതാണ് ഞങ്ങളുടെ അഭിപ്രായം. വാസ്തവത്തിൽ ബൈബിൾ വിരുദ്ധപ്രചരണം മനസ്സിൽ കണ്ട് നടത്തിയ വാചകക്കസർത്തായിരുന്നുവെങ്കിലും ബൈബിളിലെ അത്തരം വിഷയങ്ങൾക്ക് വേണ്ടത്ര പ്രാവീണ്യം ഇല്ലാതിരുന്ന അനേകർ തന്മൂലം ബൈബിൾ വായിക്കുവാനും ശ്രീ. അക്ബർ ഉന്നയിച്ച വാദഗതികളുടെ സത്യാവസ്ഥ എന്തെന്ന് അന്വേഷിക്കുവാനും ഈ പ്രോഗ്രാമുകൾ കാരണമായിത്തീർന്നു എന്നതിൽ അക്ബർ സാഹിബിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. മുസ്ലീംങ്ങളുടെ ഇടയിലെ വാഗ്മീയും പണ്ഡിതമന്യനും എന്നതിലുപരി ഖുർആൻ സത്യവേദമാണെന്നു സ്ഥാപിക്കേണ്ടതിനു പര്യാപ്തമായ ഏകമാർഗ്ഗം ബൈബിൾ വിരുദ്ധപ്രചരണമാണെന്ന ധാരണയുമാകാം അദ്ദേഹത്തെ ഈ ഉദ്ധ്യമത്തിനു പ്രേരിപ്പിച്ചത്. കാരണം, ശരിയായ വിധത്തിലുള്ള ഒരു വിമർശനമായിരുന്ന ലക്ഷ്യമെങ്കിൽ, ബൈബിളിലെ വസ്തുതകളെക്കുറിച്ച് ഒരു പഠനത്തിനു മുതിരാതെ, വായിച്ചറിഞ്ഞതോ സ്വയബുദ്ധിയിൽ തോന്നിയതോ ആയ ഈ കാര്യത്തിന് തുനിയുകയോ ഇത്രയും തെറ്റായ ഒരു നിഗമനത്തിൽ എത്തിച്ചേരുകയോ ഇല്ലായിരുന്നു. അല്ലാത്തപക്ഷം, ഏതൊരുകാര്യം പ്രസ്താവിക്കുമ്പോഴും അതിനു എന്തെങ്കിലും മറുന്യായം ഉണ്ടാകാൻ സാധ്യതകളുണ്ടോ എന്ന് ആരായാണ്ടേതല്ലയോ? വേണ്ടത്ര പഠനം അക്ബർ സാഹിബ് നടത്തിയിരുന്നു എങ്കിൽ ഈ ലേഖനത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങളിൽ അദ്ദേഹത്തിനു പിണഞ്ഞ അബദ്ധങ്ങൾ സംഭവിക്കുമായിരുന്നില്ലല്ലോ. ബൈബിളിലെ ചരിത്രകഥനങ്ങൾ അസത്യമാണെന്നും, ബൈബിളിലെ ഒരു പുസ്തകം പോലും രചിച്ചിട്ടുള്ളത് പ്രവാചകന്മാരെയോ അവരെ നേരിൽ കണ്ടിട്ടുള്ളവരോ അല്ല മറിച്ച്, അഞ്ജാതരായ ഗ്രന്ഥകാരന്മാരാൽ വിചരിതമായവയാണ് അവ എന്നുമുള്ളതാണ് അക്ബർ സാഹിബിന്റെ വാദം. അതിനദ്ദേഹം ബൈബിൾ വിജ്ഞാനകോശം ചീഫ് എഡിറ്റർ ഡോ: മാത്യു വെള്ളാനിക്കലിന്റെ വരികൾ ഉദ്ധരിക്കുന്നുമുണ്ട്. ഗ്രന്ഥകർത്താക്കളെപ്പറ്റി വ്യക്തമായി, ആധികാരികമായി പറയുവാനും നമ്മുക്കു ബുദ്ധിമുട്ടുണ്ട്.

ഒന്നാമതായി പ്രസിദ്ധരായ വ്യക്തികളുടെ പേരിൽ പുസ്തകം പ്രസിദ്ധികരിക്കുന്ന പതിവ് പഴയകാലത്തുണ്ടായിരുന്നു. പുസ്തകം ആ വ്യക്തി എഴുതിയതായിരിക്കണമെന്നില്ല. ഒരു വ്യക്തിയുടെ പേരിൽ അറിയപ്പെടാൻ ആവ്യക്തി പൂർണ്ണമായി ഗ്രന്ഥം മുഴുവൻ എഴുതണമെന്നില്ലായിരുന്നു. ഗ്രന്ഥകർത്തൃത്വത്തെപ്പറ്റി വളരെ വിശാലമായ ഒരു വീക്ഷണമാണ് അക്കാലത്ത് ഉണ്ടായിരുന്നത്. ഒരു വ്യക്തി ആശയങ്ങൾ കൊടുത്തു വേറൊരാൾ എഴുതുന്നതും ഗ്രന്ഥകർത്തൃത്വവുമായി കരുതപ്പെട്ടിരുന്നു. അതുപോലെ ഒരു വ്യക്തി എന്തിനു പ്രസിദ്ധനാണോ ആ പാരമ്പര്യം അവതരിപ്പിക്കുന്ന പുസ്തകത്തിന്റെ കർത്താവായി ആ വ്യക്തിയെ കരുതുന്ന പതിവും അക്കാലത്ത് നിലനിന്നിരുന്നു. ഈ ഉദ്ധരണിയിലൂടെ ബൈബിളിന്റെ ഗ്രന്ഥകർത്താക്കൾ അജ്ഞാതരാണെന്നു വരുത്തിത്തീർക്കുവാനുള്ള അക്ബർ സാഹിബിന്റെ ശ്രമം വിചിത്രമെന്നെ പറയാനാവൂ. കാരണം, അക്കാലത്തു നിലവിലുണ്ടായിരുന്ന ഒരു രീതി ചൂണ്ടിക്കാണിച്ചുകൊണ്ട് ബൈബിളിന്റെ രചയിതാക്കൾ അജ്ഞാതരാണെന്നു വരുന്നതെങ്ങനെ? ഇത്ത

രമൊരു രീതി നിലനിന്നിരുന്നതുകൊണ്ട്, ആധികാരികമായി അദ്ദേഹത്തിനു ബുദ്ധിമുട്ടുണ്ട് എന്നല്ലാതെ, ബൈബിളെഴുതിയത് അപ്രകാരമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നതേയില്ല. ഒരു സാദ്ധ്യതയെ ചൂണ്ടിക്കാണിച്ചാൽ അത് സത്യമാണെന്നു ധരിച്ച് ബൈബിളിന്റെ എഴുത്തുകാർ ആരാണെന്നു അറിയില്ല എന്നു സ്ഥാപിക്കാനുള്ള അക്ബറുടെ ശ്രമം യോഗ്യമോ? അങ്ങനെയെങ്കിൽ അക്കാലഘട്ടങ്ങളിലുള്ള എല്ലാകൃതികളും രചിക്കപ്പെട്ടത് അജ്ഞാതരാണെന്നു തന്നെയല്ലേ സ്ഥാപിക്കപ്പെടുക. അപ്പോൾപിന്നെ ഏതു കൃതിയുടെ ഗ്രന്ഥകർത്താവാണ് സ്വന്തമായി ഒരു കൃതിയെങ്കിലും എഴുതിയിട്ടുണ്ടെന്നു പറയാനാവുക. ഒരു കൃതിയുടെ രചനാകാലത്തും ആയിരമാണ്ടുകൾക്കപ്പുറത്തു നിന്നും നോക്കിക്കാണുന്ന ഒരു വ്യക്തിക്കു ഇത്തരം സന്ദേഹങ്ങളുണ്ടാവുക സ്വാഭാവികമാണ്. അതു ഊഹം അഥവാ, ധാരണ മാത്രമാണ്. അതു അസത്യത്തിന്റെ അങ്ങേയറ്റമാകാം ഒരുപക്ഷേ, യാഥാർത്ഥ്യവുമാവാം, കാരണം, വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കപ്പെടുകയല്ല ഇവയൊന്നും തന്നെ. തെളിവുകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കപ്പെടുന്നവ മാത്രമേ സത്യങ്ങളായി അംഗീകരിക്കപ്പെടുകയുള്ളു. പ്രാചീനഗ്രന്ഥങ്ങളിൽ ബൈബിളിലെ കൃത്യതയ്ക്കു തുല്യമായി ചരിത്രപരമായി സത്യസന്ധമായ ഒരു പുസ്തകം പോലും നിലവിലില്ലെന്ന വസ്തുത നാം അറിഞ്ഞിരിക്കണം. പുരാവസ്തുശാസ്ത്രജ്ഞർ ഉത്ഖനനങ്ങളിലൂടെ കണ്ടെത്തിയ പല രാജ്യങ്ങളെക്കുറിച്ചുമുള്ള ചരിത്രവസ്തുതകൾ ബൈബിളിലെ ചരിത്രവിവരണത്തിന്റെ ആധീകാരീകതയെ ഉറപ്പിക്കാൻ മതിയായവയാണ്.

ബൈബിളിന്റെ എഴുത്തുകാരാരും തന്നെ ബൈബിളിലെ പുസ്തകങ്ങൾ ഒന്നും സ്വന്തം പേരു നിലനിർത്തുന്നതിനോ സ്വന്തതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊ അതുമല്ലെങ്കിൽ സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനോ വേണ്ടി എഴുതിയവയല്ല. സ്രഷ്ടാവായ ദൈവം സൃഷ്ടികളോട് തന്റെ നിയമങ്ങളും ചട്ടങ്ങളും ദൂതുകളും അറിയിക്കുവാൻ ചിലവ്യക്തികളെ നിയോഗിക്കുകയും അവർക്ക് അവ വെളിപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം വെളിപ്പാടു ലഭിച്ചവർ അക്കാലത്തു തങ്ങൾകൂടി ഉൾപ്പെടുന്ന സമൂഹത്തിനു മനസ്സിലാക്കുവാൻ പറ്റിയ വിധമായിരുന്നു അവയുടെ രചന നിർവ്വഹിച്ചത്. ഭാഷയുടെ മുഖ്യ ഉദ്ദേശ്യം സംവേദനമാണ്. അനുദിനജീവിതത്തിലുപയോഗിക്കുന്ന ഭാഷയും അക്കാദമിക സാഹിത്യഭാഷയും തമ്മിൽ അന്തരമുണ്ട്. ബൈബിൾ രചനാ കാലഘട്ടത്തിൽ അക്കാദമികശൈലിനിലവിലുണ്ടായിരുന്നുവെന്നു കരുതാനാവില്ല. ദൈവം നല്കിയ ആശയങ്ങൾക്കോ നിയമങ്ങൾക്കോ യാതൊരു കോട്ടവും തട്ടാതെ, പ്രസ്തുത കാലയളവിൽ തങ്ങളുടെ ദേശത്ത് നിലനിന്നിരുന്ന ഭാഷയിലും ശൈലിയിലുമാണ് അവ രേഖപ്പെടുത്തിയിട്ടുള്ളത്. തങ്ങളുടെ സാംസ്ക്കാരികവും സാമൂഹ്യവും സാഹിത്യപരവുമായ സവിശേഷതകൾ പരിരക്ഷിച്ചുകൊണ്ട് അവയിലൂടെ ദൈവത്തിന്റെ സന്ദേശം തെറ്റുകൂടാതെ രേഖപ്പെടുത്തുന്നതിനു ദൈവാത്മാവ് അവർക്ക് പ്രചോദനം നല്കുകയായിരുന്നു. സന്ദേശം ദൈവീകമായിരുന്നെങ്കിലും സന്ദേശപ്രചരണത്തിനു പരിചിതമല്ലാത്ത ഭാഷയോ ശൈലിയോ ആയിരുന്നില്ല ഉപയോഗിച്ചിരുന്നത്.

ബൈബിളിന്റെ രചനയുടെ ആധികാരികത സംബന്ധിച്ച് അതിന്റെ എഴുത്തുകാർ പറയുന്നത് ശ്രദ്ധിക്കുക: നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയേയും പ്രത്യാഗമനത്തേയും കുറിച്ച് ഞങ്ങൾ നിങ്ങളെ അറിയിച്ചതു കൗശലപൂർവ്വം മെനഞ്ഞെടുത്ത കല്പിതകഥകളെ വിശ്വസിച്ചതുകൊണ്ടല്ല; ഞങ്ങൾ അവന്റെ ശക്തിപ്രാഭത്തിന്റെ ദൃക്സാക്ഷികളായതുകൊണ്ടാണ്. (2പത്രോസ് 1:16) ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോട് കൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു. . (1 യോഹന്നാൻ 1: 1,2) തങ്ങൾ നേരിട്ടു കണ്ടതും കേട്ടു അനുഭവിച്ചും അറിഞ്ഞ സത്യങ്ങളാണ് അവർ പ്രസംഗിച്ചതും രേഖകളാക്കിയതും. ഇത്രയും സത്യവും വിശ്വസ്തവും വ്യക്തവുമായി പ്രസ്താവിക്കപ്പെടുന്ന വിവരണങ്ങളെ മറികടന്നു. ആയിരമാണ്ടുവർഷങ്ങൾക്കപ്പുറം

നിന്നു വസ്തുതയെ വീക്ഷിക്കുന്നവരുടെ അനുമാനങ്ങളുടെ പിൻബലത്തിൽ സത്യത്തെ നിരാകരിക്കുന്നത് മൗഢ്യമല്ലാതെ മറ്റെന്താണ്? അക്കാലഘട്ടത്തിലോ അതിനു മുമ്പോ വിരചിതമായ ഇത്രയും വ്യക്തമായി ഗ്രന്ഥകർത്തൃത്വം അവകാശപ്പെടുന്ന മറ്റെതൊരു കൃതിയാണ് ചൂണ്ടിക്കാട്ടാനുള്ളത്? ഇത്രയും വ്യക്തതയുള്ള സാക്ഷ്യങ്ങളെ അവഗണിച്ചുകൊണ്ട് അനുമാനങ്ങളിലൂടെ ഗ്രന്ഥകർത്തൃത്വത്തെ നിഷേധിക്കുന്നതിന്റെ പിന്നിൽ നിഗൂഢലക്ഷ്യങ്ങളാണുള്ളതെന്ന് വ്യക്തമാണ്. തന്നെ വിസ്തരിക്കുന്ന വേളയിൽ ന്യായാധിപസംഘത്തിനു മുമ്പിൽ നിന്നുകൊണ്ട് സധൈര്യം പത്രോസ് പ്രസ്താവിക്കുന്നതു ഇപ്രകാരമാണ്. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. (അപ്പൊസ്തല പ്രവർത്തികൾ 4: 20)

ഇസ്ലാമിന്റെ ഭൂമികയിൽ നിന്നും ബൈബിളിനെ നോക്കിക്കാണുന്ന അക്ബർ സാഹിബ്, തെറ്റുകൾക്കതീതമാണെന്നു താൻ വിശ്വസിക്കുന്ന വേദഗ്രന്ഥമായ ഖുർആനിലെ വികലതകൾക്കു നേരെ കണ്ണിറുക്കിയടച്ചുകൊണ്ട്, ഖുർആനിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് നിർലജ്ജം ബൈബിളിന്റെ ദൈവീകതയെ പഠനവിധേയമാക്കാൻ തക്ക അപ്രമാദിത്വം ഖുർആനിനുണ്ടോ എന്നു കൂടി ഇത്തരുണത്തിൽ പരിശോധിക്കുന്നത് യുക്തമെന്ന് കരുതുന്നു. ഒരു ദൈവവിശ്വാസി, പ്രകൃതിയുടെ നിയമത്തിനു അതീതമായി പ്രവർത്തിക്കുവാൻ മതിയായവനാണ് സർവ്വശക്തനായ ദൈവമെന്ന് വിശ്വസിക്കുന്നവനാണ്. നിരീശ്വരനാകട്ടെ, അപ്രകാരം വിശ്വസിക്കാത്തവനും ഒരു നിരീശ്വരനായി നിന്നുകൊണ്ടാണ് അക്ബർ സാഹിബ് ബൈബിളിനെ വിമർശിച്ചിരുന്നതെങ്കിൽ ദൈവത്തിന്റെ സർവ്വശക്തി യേയോ, സർവ്വജ്ഞാനത്തെയോ നിരാകരിക്കുന്നവനാകയാൽ അക്കാര്യം അദ്ദേഹത്തിനു ബോദ്ധ്യമാകാനുള്ള വൈഷമ്യമാകാം കാരണമെന്നു ധരിക്കാമായിരുന്നു. എന്നാൽ പ്രപഞ്ചസ്രഷ്ടാവായ ദൈവം പ്രകൃതി ശക്തികളുടെ മേൽ അധികാരമുള്ളവനും പ്രകൃതി നിയമങ്ങൾക്ക് അതീതമായ അസാധാരണ പ്രവർത്തികൾ ചെയ്യാൻ കഴിവുള്ള വ്യക്തിയും ആണെന്നു വിശ്വസിക്കുന്നു എന്നു പറയുന്ന വ്യക്തിയായിരിക്കെ രണ്ടു കണ്ണിന്റെയും കാഴ്ച നഷ്ടപ്പെട്ടവൻ ഒരുകണ്ണിന്റെ കാഴ്ച നഷ്ടമായവനെ പൊട്ടക്കണ്ണ എന്നു വിളിച്ചാക്ഷേപിക്കുന്ന ലാഘവത്തോടെ പരമനിന്ദയ്ക്കു മുതിർന്നത് പരിഹാസ്യമെന്നല്ലാതെ എന്തു പറയാൻ? ആദ്യമേ സ്വന്ത കണ്ണിലെ കോൽ എടുത്തുകളഞ്ഞിട്ടുപോരേ മറ്റുള്ളവരുടെ കണ്ണിൽ കരടുണ്ടോ എന്നന്വോഷിക്കുവാൻ? ബൈബിളിൽ തെറ്റുകണ്ടെത്താൻ ശ്രമിക്കുന്ന അക്ബർ സാഹിബും അനുയായികളും ഖുർആനിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ബൈബിളിനെ വിമർശിക്കുമ്പോൾ കാണാതെപോയ സ്വന്തം മതഗ്രന്ഥത്തിലെ ചില ശാസ്ത്രാബദ്ധങ്ങളെ ഒന്നു ചൂണ്ടിക്കാണിക്കുന്നത് സന്ദർഭോചിതമായിരിക്കും. അതിനു പുറമേ അവൻ അകാശത്തിന്റെ നേർക്കു തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ടു അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ നിർബന്ധിതമായോ വരിക. അവരണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു. (ഖുർആൻ 41:11) ഇവിടെ ആകാശവും ഭൂമിയും സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. ബൈബിളിനെതിരേ ആക്ഷേപം ഉന്നയിക്കുന്നവരെ നിങ്ങളോട് ഒന്ന് ചോദിക്കട്ടെ, ആകാശവും ഭൂമിയും സംസാരിക്കും എന്ന് തെളിയിക്കപ്പെട്ട ശാസ്ത്രസത്യമാണോ? എങ്കിൽ, ശാസ്ത്രശാഖയുടെ ഏത് വിഭാഗമാണ് ഈ കണ്ടെത്തൽ നടത്തിയത്.? തെളിവു സഹിതം ഒന്നു വിശദീകരിക്കാമോ? മറ്റോരു ആയത്തു ശ്രദ്ധിക്കുക:

അങ്ങനെ അവൻ ഉറുമ്പിന്റെ താഴ്വരയിലൂടെ ചെന്നപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: ഹേ; ഉറുമ്പുകളെ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അവർ ഓർക്കാത്ത വിധത്തിൽ നിങ്ങളെ ചവിട്ടിത്തേച്ചു കളയാതിരിക്കട്ടെ . (ഖുർആൻ 27:18) ഇതും ശാസ്ത്രം തെളിയിച്ച സത്യമോ? സുലൈമാൻ പക്ഷികളെ പരിശോധിക്കുന്ന സന്ദർഭത്തിൽ മരംകൊത്തിയെ കാണാതിരുന്നതുകൊണ്ട് അതു സ്ഥലം വിട്ടു പോയ കൂട്ടത്തിലാണോ എന്നു സംശയിച്ചു അതിനെ ശിക്ഷിക്കപകയോ അറുക്കുകയോ ചെയ്യുമെന്ന് തീരുമാനിച്ചിരുന്ന സമയത്ത് മരംകൊത്തി പറന്നു വന്ന്, തക്കസമയത്ത് വരാതി

രുന്നതിന്റെ കാരണം സുലൈമാനോടു വിവരിക്കുന്നതുകൂടി ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നതു കൂടി ഉദ്ധരിക്കട്ടെ: എന്നാൽ അത് എത്തിച്ചേരാൻ അധികം താമസിച്ചില്ല. എന്നിട്ട് അഥു പറഞ്ഞു താങ്കൾ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത ഒരുകാര്യം ഞാൻ സൂക്ഷ്മമായി മനസ്സിലാക്കിട്ടുണ്ട്.

'സബഇ'ൽ നിന്ന് യഥാർത്ഥമാ. ഒരു വീർത്തയുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. " (ഖുർആൻ 27: 22) അക്ബർ സാഹിബ് ചിന്തിച്ചു വച്ചിരിക്കുന്നത്, ഇവയൊക്കെ തെളിയിക്കപ്പെട്ട ശാസ്ത്രസത്യങ്ങളായിരിക്കും എന്നതായിരിക്കും. ഇതുപോലെ ശാസ്ത്രത്തിനും ബുദ്ധിക്കും നിരക്കാത്ത നിരവധി അബദ്ധങ്ങൾ നിറഞ്ഞ ഒരു ഗ്രന്ഥത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നും ബൈബിളിനെ മോക്കിക്കാണുന്ന ഒരു വ്യക്തി മറുപടയേ അർഹിക്കുന്നില്ല എന്നതാണ് സത്യം. പക്ഷെ അദ്ദേഹത്തിന്റെ വാക്ചാരുതിയിൽപെട്ട് വഞ്ചിതരായ നിരവധി പേർക്കു സത്യത്തിന്റെ പാത കാണിച്ചു കൊടുക്കേണ്ടത് അനിവാര്യമായതിനാലാണ് മറുപടി എഴുതാൻ തുനിഞ്ഞത്.

ബൈബിളിലെ ഉല്പത്തി പുസ്തകം ആരംഭിക്കുന്നത് ദൈവം നിർവ്വഹിച്ച സൃഷ്ടിയുടെ വിവരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടാണ് ആധുനീക ഗവേഷണങ്ങളുടെ വെളിച്ചത്തിൽ, ആറു ദിവസംകൊണ്ട് ദൈവം പൂർത്തീകരിച്ച സൃഷ്ടികർമ്മത്തിന്റെ ക്രമം ശരിയല്ലെന്നാണ് അക്ബർ സാഹിബ് ചൂണ്ടിക്കാണിക്കുന്നത്. പുരാടനയിസ്രായേൽ ജനതയുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഐതിഹ്യങ്ങളാണ് ഉല്പത്തി സൃഷ്ടിവിവരണത്തിൽ പ്രതിഫലിക്കുന്നതെന്നാണ് പണ്ഡിതമതം എന്നതിന് ഡോ.കെ.ലൂക്കിന്റെ പുസ്തകത്തിൽ നിന്നും ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: "ലോകോല്പത്തി, മനുഷ്യോല്പത്തി എന്നീ വിഷയങ്ങളെപ്പറ്റി പൗരാണികൾ വളരെ ചിന്തിച്ചിട്ടുണ്ട്. ഭൂമിയുടെ ആകൃതി, പ്രകൃതി, അവസ്ഥ, സ്ഥിതി മുതലായ കാര്യങ്ങളെപ്പറ്റിയും അവർക്കു സ്വന്തമഭിപ്രായങ്ങൾ ഉണ്ടായിരുന്നു. മെസ്സപ്പെട്ടോമിയ, ഈജിപ്ത് മുതലായ ദേശങ്ങളിലെ നിവാസികളുടെ അഭിമതങ്ങളും അഭ്യൂഹങ്ങളുമെല്ലാം രേഖാരൂപത്തിലുണ്ട്. പണ്ഡിതന്മാർ അവ പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുമുണ്ട്. ഭൂലോകത്തെപ്പറ്റിയുള്ള പ്രാചീന ഇസ്രായേൽക്കാരുടെ സങ്കല്പമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുക. അത് ഗ്രഹിക്കാൻ ഉല്പത്തി പുസ്തകത്തിലെ അദ്ധ്യായങ്ങൾ വായിച്ചാൽ മതി." (ബൈബിളിന്റെ ദൈവീകത വിമർശനങ്ങൾ വസ്തുതകൾ പേജ് 147, 148)

മേൽ പ്രസ്താവിച്ചതിൽ നിന്നും ഒരു കാര്യം വ്യക്തമാവുന്നുണ്ട്. ഇസ്രായേൽക്കാരുടെ സങ്കല്പത്തെക്കുറിച്ച് പറയുന്ന ലേഖനം ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണം തന്നെയാണ് എന്ന്. അത് ശരിയാണെങ്കിൽ, യഹോവയായ ദൈവം തന്റെ സ്വന്തജനമായ ഇസ്രായേൽ ജനതയോടെ അരുളിച്ചെയ്ത സൃഷ്ടി വിവരണത്തിൽ നിന്നും ലഭിച്ചതുതന്നെയാണ് അവരുടെ അറിവ് എന്നുതന്നെയല്ലേ സ്ഥാപിക്കപ്പെടുന്നത്.

അസത്യമായി ചിത്രീകരിക്കപ്പെട്ട സത്യം.4


# മുനയൊടിഞ്ഞ വിമർശനങ്ങൾ

**സി.ഡി.വർഗ്ഗീസ് £ വി.കെ.സുരേന്ദ്രൻ.**

**7.ഇസ്രായേലിനോടുള്ള വാഗ്ദാനം**

ഇസ്രായേൽ സമൂഹത്തോട് ദൈവം നല്കുന്ന വാഗ്ദാനം ആവർത്തനപുസ്തകത്തിൽ വിവരിക്കുന്നു."നിന്റെ ദൈവമായ യഹോവ വാഗ്ദത്തം ചെയ്തിരിക്കുന്നതു പോലെ നിന്നെ അനുഗ്രഹിക്കും, നീ അനേകം ജനതകൾക്കു കടം കൊടുക്കും, എന്നാൽ നീ കടം വാങ്ങുകയില്ല. നീ അനേകം ജനതകളെ ഭരിക്കും. എന്നാൽ അവർ നിന്നെ ഭരിക്കുകയില്ല." (ബൈബിൾ ആവർത്തനം 15:6). ഈ വാഗ്ദാനം പാലിക്കപ്പെട്ടിട്ടില്ലെന്ന് ഏവർക്കും അറിയാവുന്നതാണെന്ന് അക്ബർ പരിഹസിക്കുന്നു. "ഇസ്രായേൽ സമൂഹം പലരാലും ഭരിക്കപ്പെട്ടിട്ടുണ്ട്. അവർ പല തവണ പലരിൽനിന്നും കടം വാങ്ങിയിട്ടുണ്ട്. ഒരു രാഷ്ട്രമെന്ന നിലയ്ക്ക് ഇന്നും ഇസ്രായേൽ അമേരിക്കയോടും മറ്റും വമ്പിച്ച കടത്തിലാണുള്ളത്." അക്ബറിന്റെ ആക്ഷേപം ഇങ്ങനെ നീളുന്നു. (ബൈബിളിന്റെ ദൈവീകത വിമർശനങ്ങൾ വസ്തുതകൾ പേജ് 135).

ഇസ്രായേലിന് ദൈവം ഈ വാഗ്ദാനം നല്കുന്നത് ചില വ്യവസ്ഥകളോടെയാണെന്നത് ശ്രീ. എം.എം. അക്ബർ വായിച്ചിട്ടില്ലെന്ന് തോന്നുന്നു. ആവർത്തന പുസ്തകം 15-ാം അദ്ധ്യായം 6-ാം വാക്യത്തിലെ വാഗ്ദാനം എടുത്തുദ്ധരിക്കുമ്പോൾ 4-ാം വാക്യത്തിൽ ദൈവം അരുളിയ വ്യവസ്ഥ മനഃപൂർവ്വം വിട്ടുകളഞ്ഞതിലെ ഉദ്ദേശ്യം വ്യക്തമാണ്. സത്യത്തിൽ, ഈ വാക്യം വായിക്കാതിരുന്നതു കൊണ്ടല്ല മറിച്ച്, അത്രയും ഭാഗം വായനക്കാർ ശ്രദ്ധിക്കാതിരുന്നാലെ തനിക്കെന്തെങ്കിലും എഴുതാനോ, പറയുവാനോ ഉണ്ടാവൂ എന്ന് അക്ബർ സാഹിബിന് നന്നായി അറിയാവുന്നതു കൊണ്ടാണ് അദ്ദേഹം അക്കാര്യം മിണ്ടാതിരിക്കുന്നത്. തുടർച്ചയായി പറഞ്ഞു വരുന്ന ഒരു കാര്യത്തിൽ നിന്നും ഒരു ഭാഗം അടർത്തിയെടുത്ത് വാഗ്ദാനം നിറവേറിയില്ലെന്ന് സ്ഥാപിക്കുന്നത് ദുരുപദിഷ്ടമാണ്.



**" നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോട് കേട്ട് ഇന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്ന സകല കല്പനകളും പ്രമാണിച്ചു നടന്നാൽ,** നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി കൈവശമാക്കുവാൻ തരുന്ന ദേശത്ത് നിന്നെ ഏറ്റവും അനുഗ്രഹിക്കും. നിന്റെ ദൈവമായ യഹോവ നിനക്ക് വാഗ്ദാനം ചെയ്തതുപോലെ നിന്നെ അനുഗ്രഹിക്കും, നീ അനേകം ജാതികൾക്ക് കടം കൊടുക്കും, എന്നാൽ നീ കടം വാങ്ങുകയില്ല...." (ബൈബിൾ ആവർത്തനം 15:46) ദൈവത്തിന്റെ വാക്ക് ശ്രദ്ധയൊടെ കേൾക്കുകയോ ആജ്ഞാപിച്ച സകല കല്പനകളും പ്രമാണിക്കുകയോ ചെയ്യാതിരുന്നതുകൊണ്ടാണ് ഇസ്രായേൽ ദുരവസ്ഥയിലായതെന്ന് ഏവർക്കും അറിയാമെന്നിരിക്കെ ദൈവം തന്റെ വാഗ്ദാനം പാലിച്ചില്ലെന്ന് പറയുന്നതിലെ ചങ്കൂറ്റം അപാരം തന്നെ. മാത്രമല്ല, കല്പനകൾ അനുസരിക്കാത്ത പക്ഷം ദയനീയാവസ്ഥയിൽ ഇസ്രായേൽ പതിക്കുമെന്നു തന്നെയാണ് ദൈവം അരുളി ചെയ്തതിന്റെ സാരം. അപ്പോഴും പ്രവചനം കൃത്യമായും നിറവേറിയെന്നുള്ളതല്ലേ വാസ്ഥവം. പക്ഷെ സത്യത്തെ നിഷേധിക്കുകയെന്ന ഏക ലക്ഷ്യത്തോടെ ഇറങ്ങിത്തിരിച്ചവരോട് എന്തു പറയാൻ?

ഇന്നു ഞാൻ നിന്നോട് കല്പിക്കുന്ന സകല കല്പനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിന്നെ ഏറ്റവും അനുഗ്രഹിക്കും നിന്റെ ദൈവ മായ യഹോവ നിനക്ക് വാഗ്ദാനം ചെയ്തതുപോലെ നിന്നെ അനുഗ്രഹിക്കും എന്നി ങ്ങനെ തുടർമാനമായി പറഞ്ഞുകൊണ്ടിരിക്കുന്ന വസ്തുതയുടെ പകുതി ഭാഗം അടർത്തിമാറ്റിയിട്ട് പ്രവചനം തെറ്റിപ്പോയി എന്ന് സ്ഥാപിക്കുവാൻ തത്രപ്പെടുന്ന അക്ബർ സാഹിബിന്റെ ഉദ്ദേശ്യ ശുദ്ധി മാന്യ വായനക്കാർക്ക് വ്യക്തമായിക്കാണു മല്ലോ. യെശയ്യാവിന്റെ പ്രവചനം:

അക്ബർ എഴുതുന്നു: ഈജിപ്തിനെക്കുറിച്ച് യെശയ്യാവിനുണ്ടായ അരുളപ്പാടാണ് 19-ാം അദ്ധ്യായത്തിലുള്ളത്. ഈ അരുളപ്പാടിലെ പല കാര്യങ്ങളും എങ്ങനെയും വ്യാഖ്യാനിക്കുവാൻ പറ്റുന്നവയാണ്. എന്നാൽ ചില വചനങ്ങൾ വ്യക്ത മായ സൂചന നല്കുന്നുണ്ട്. ഒരു വാക്യം കാണുക: അക്കാലത്ത് ഈജിപ്തു ദേശത്ത് കനാൻ ഭാഷ സംസാരിക്കുന്ന അഞ്ചു നഗരങ്ങൾ ഉണ്ടായിരിക്കും. (ബൈബിൾ യെശയ്യാവ് 19:18) ചരിത്രത്തിലെവിടെയും ഈജിപ്തിലെ അഞ്ചു നഗരങ്ങളിൽ കനാൻ ഭാഷ സംസാരിക്കുന്ന അവസ്ഥയിലുണ്ടായതായി കാണുന്നില്ല. ഇത് ഭാവിയിൽ സംഭവിക്കാൻ പോകുന്ന പ്രവചനമാ ണെന്ന് കരുതാനും നിർവ്വാഹമില്ല. കനാൻ ഭാഷ നാമാവശേഷമായിട്ട് കുറെ കൊല്ലങ്ങളായി. ഇന്ന് അത്തരമൊരു ഭാഷതന്നെ വ്യവഹാരിക ലോകത്ത് നിലനിൽക്കുന്നില്ല. (ബൈബിളിന്റെ ദൈവീകത വിമർശനങ്ങൾ വസ്തുതകൾ പേജ് 135, 136)

ബൈബിൾ ഇത് ഭാവിയിൽ നടക്കേണ്ടുന്ന പ്രവ ചനമായിട്ടാണ് എഴുതിയിട്ടുള്ളത്. ശ്രീ.എം.എം. അക്ബറിന്റെ എഴുത്തിൽ ഭാവിയിൽ സംഭവിച്ചേ ക്കാവുന്ന ഒരു പ്രവചനമായിരിക്കാമെന്ന് അദ്ദേഹം ചിന്തിക്കുന്നുണ്ടെങ്കിലും ഇന്ന് വ്യവഹാരിക ലോകത്ത് കനാൻ ഭാഷ നിലനിൽക്കുന്നില്ല എന്ന താണ് അദ്ദേഹത്തെ വിഷമിപ്പിക്കുന്നതെന്ന് ഗ്രഹി ക്കാനാവും. എന്നാൽ ഭൂമുഖത്തു നിന്നും കനാൻ ഭാഷ നിശേഷം മാറ്റപ്പെട്ടുവെന്ന് പറയാൻ അദ്ദേ ഹത്തിനു കഴിയുമോ? ഇന്നും കനാൻ ഭാഷ കുടും ബങ്ങളിൽ ഉപയോഗിക്കുന്ന ദേശങ്ങൾ നിലവി ലുണ്ട്.


***ക്രൈസ്തവ ലോകത്ത് ഒരു നൂതന സംരംഭം!***

**സീക്കേഴ്സ് പാത്ത്** മാസിക.

**ഒരു ലക്കം പോലും നഷ്ടമാവാതിരിക്കുവാൻ ഉടൻ വരിക്കാരാകുക!**

**വാർഷിക വരിസംഖ്യ രൂ. 150.00.**

Email: seekerspath@live.com

**സി.ഡി.വർഗീസ്**

**പി.ഒ.ബോക്സ് നമ്പർ. 7,പുല്ലാട്. പി.ഒ.തിരുവല്ല.**

**പിൻ: 689548.**

മാസിക ആവശ്യപ്പെടുവാനും പണമയയ്ക്കുവാനും.

Phone:
9447518465

C D Varghese P.O.Box.No:7, Pullad P.O. Thiruvalla.689548.
A/C. No: 15970100006326 IFSC Code FDRL0001597.
Federal Bank Pullad.